2023 AUGUST 15 TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## അമിത വിലക്കയറ്റത്തിൽനിന്ന് സർക്കാർ ജനങ്ങളെ സംരക്ഷിച്ചു: രാജ്യത്തോട് രാഷ്ട്രപതി

**ന്യൂഡൽഹി:** ആഗോളതലത്തിലെ വിലക്കയറ്റം പേടിപ്പിക്കുന്നതാണെന്നും എന്നാൽ ഇന്ത്യൻ സർക്കാരിന്റെ ഇടപെടൽ രാജ്യത്തെ ജനങ്ങളെ അമിത വിലക്കയറ്റത്തിൽനിന്ന് സംരക്ഷിച്ചുനിർത്തിയെന്നും രാഷ്ട്രപതി ദ്രൗപതി മുർമു. 77ാം സ്വാതന്ത്ര്യദിനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ആഗോള സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ ലോകം നമ്മളെ ഉറ്റുനോക്കുകയാണെന്നും അവർ കൂട്ടിച്ചേർത്തു. നമ്മൾ വെറും വ്യക്തികളല്ല, ഒരു വലിയ സമൂഹത്തിന്റെ ഭാഗമാണെന്നു സ്വാതന്ത്ര്യദിനം ഓർമിപ്പിക്കുന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ പൗരന്മാരുടെ സമൂഹമാണിതെന്നും രാഷ്ട്രപതി രാഷ്ട്രത്തോടു പറഞ്ഞു.

## ഹിമാചലിൽ അതിതീവ്ര മഴ, മരണസംഖ്യ ഉയരുന്നു

**ഷിംല:** പ്രളയദുരിതത്തിൽ വലയുന്ന ഹിമാചൽ പ്രദേശിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച് കാലാവസ്ഥാ വകുപ്പ്. അടുത്ത 24 മണിക്കൂർ അതിതീവ്ര മഴ പെയ്യുമെന്ന മുന്നറിയിപ്പിൽ പകച്ചിരിക്കുകയാണു ജനം. സോലൻ ജില്ലയിലുണ്ടായ മേഘവിസ്ഫോടനത്തിൽ മരണസംഖ്യ 50 പിന്നിട്ടു.

പഞ്ചാബ്, ഹരിയാന, ഛണ്ഡിഗഢ്, ഉത്തർപ്രദേശ്, ബിഹാർ, ബംഗാൾ, സിക്കിം സംസ്ഥാനങ്ങളിൽ ഒറ്റപ്പെട്ട ശക്തിയേറിയ മഴ പെയ്യുമെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു. പേമാരിയിൽ ബിയാസ് നദി കരകവിഞ്ഞതാണു ഹിമാചലിൽ പ്രളയസമാന സാഹചര്യം സൃഷ്ടിച്ചത്. മഴയും മണ്ണിടിച്ചിലും കണക്കിലെടുത്തു സംസ്ഥാനത്തെ സ്കൂളുകൾക്കും കോളജുകൾക്കും അവധി പ്രഖ്യാപിച്ചിരുന്നു.

തകർന്നുപോയ ഷിംല, കൽക്ക ഹൈവേ നന്നാക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുകയാണെന്ന് അധികൃതർ അറിയിച്ചു. കൽക്ക, ഷിംല റെയിൽപാളം മഴയിൽ ഒലിച്ചുപോയിരുന്നു. ദുരന്തത്തെത്തുടർന്ന് സംസ്ഥാനത്തെ 752 റോഡുകൾ അടച്ചിട്ടു. നാശനഷ്ടങ്ങളെക്കുറിച്ച് എല്ലാ ജില്ലാ കലക്ടർമാരിൽനിന്നും മുഖ്യമന്ത്രി സുഖ്‌വിന്ദർ സിങ് സുഖു റിപ്പോർട്ട് തേടി. ജനം വീടുകളിൽതന്നെ തുടരണമെന്നു നിർദേശിച്ച സുഖു, സ്വാതന്ത്ര്യദിന പരിപാടികൾ മിതപ്പെടുത്തിയെന്നും അറിയിച്ചു.ഷിംലയിലെ സമ്മർ ഹിൽ മേഖലയിൽ ശിവക്ഷേത്രം തകർന്ന് 15 പേരെങ്കിലും കുടുങ്ങിയിട്ടുണ്ടാകുമെന്നാണ് വിവരം. സോലനിലെ ജാഡൻ ഗ്രാമത്തിൽ ഒരു കുടുംബത്തിലെ ഏഴു പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. ഫാഗ്‌ലി മേഖലയിലും നിരവധി വീടുകൾ തകർന്നു. ഇവിടെയും മണ്ണിനടിയിൽ നിരവധിപ്പേർ കുടുങ്ങിക്കിടക്കുന്നതായി സംശയമുണ്ട്.

### സൊസൈറ്റി ടുഡേ

സ്വാതന്ത്ര്യദിനം പ്രമാണിച്ച് ഇന്ന് പത്രത്തിനും ഓഫിസിനും അവധിയായതിനാൽ നാളെ (16.08.23) സൊസൈറ്റി ടുഡേ ഉണ്ടായിരിക്കുന്നതല്ല. മാന്യവായനക്കാർക്ക് സൊസൈറ്റി ടുഡേയുടെ സ്വാതന്ത്ര്യദിനാശംസകൾ

# കാലാവസ്ഥാധിഷ്ഠിത പദ്ധതി

# കേന്ദ്ര ഇൻഷുറൻസിൽ തെങ്ങും റബറും; തുക ഹെക്ടറിന് ഒരു ലക്ഷം വരെ

- ചെറുധാന്യങ്ങളും കിഴങ്ങുവർഗങ്ങളും ഉൾപ്പെടുത്തി
- കാലാവസ്ഥാപ്രശ്നം മൂലം വിളവു കുറഞ്ഞാലും തുക

**പാലക്കാട് :** കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസിൽ തെങ്ങും റബറും അടക്കം കൂടുതൽ വിളകൾ ഉൾപ്പെടുത്തി. ഹെക്ടറിന് ഒരു ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കും. ചെറുധാന്യക്കൃഷിയും കിഴങ്ങുവർഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടെ സംസ്ഥാന കൃഷിവകുപ്പിന്റെ ഇൻഷുറൻസിനു കീഴിൽ വരുന്ന മിക്ക വിളകൾക്കും കേന്ദ്രപദ്ധതിയുടെ പരിരക്ഷ ഉറപ്പായി.

വിളകൾ പൂർണമായി നശിച്ചാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന പ്രധാൻമന്ത്രി ഫസൽ ബീമ യോജനയ്ക്കു (പിഎംഎഫ്ബിവൈ) പുറമേയാണു കാലാവസ്ഥാ മാറ്റം മൂലമുള്ള കൃഷിനാശത്തിനു പരിരക്ഷ ലഭിക്കുന്ന പദ്ധതി. കാലാവസ്ഥാ പ്രശ്നങ്ങൾ കാരണം വിളവിൽ കാര്യമായ കുറവുണ്ടായാലും ആനുകൂല്യം ലഭിക്കും. പൂർണമായി കൃഷിനാശമുണ്ടാകുന്നവർക്കു മാത്രമാണു സംസ്ഥാന കൃഷിവകുപ്പിന്റെ ഇൻഷുറൻസിൽ പരിരക്ഷ.



ആലപ്പുഴ, പത്തനംതിട്ട ജില്ലകളെക്കൂടി ഉൾപ്പെടുത്തി കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. തുടർച്ചയായി വെള്ളം കയറി കൃഷി നശിക്കുന്ന കുട്ടനാട് മേഖലയിലടക്കം ഇനി ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. പദ്ധതിക്കു കീഴിൽ വരുന്ന ഓരേ!ാ വിളയ്ക്കും വെവ്വേറെയുള്ള കാലാവസ്ഥാ ഘടകങ്ങൾ, അതു രേഖപ്പെടുത്തുന്ന രീതി, പ്രീമിയം തുടങ്ങിയ വിശദവിവരങ്ങൾ അടുത്തദിവസം വിജ്ഞാപനം ചെയ്യും.

കാലാവസ്ഥാ സ്റ്റേഷനുകളുള്ള ജില്ലകളിലെ തിരഞ്ഞെടുത്ത കാർഷിക വിളകളാണ് ഇതുവരെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. പദ്ധതി വിപുലമാക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും കാലാവസ്ഥാ സ്റ്റേഷനുകൾ ആരംഭിക്കും.

സംസ്ഥാന കൃഷിവകുപ്പിന്റെ സഹായത്തേ!ാടെ പെ!ാതുമേഖലാ സ്ഥാപനമായ അഗ്രികൾചർ ഇൻഷുറൻസ് കമ്പനി മുഖേനയാണു കൃഷിമന്ത്രാലയം പദ്ധതി നടപ്പാക്കുന്നത്. കൃഷി മേഖലയിലെ വിവിധ ഇൻഷുറൻസ് സംവിധ!ാനങ്ങൾ ഒന്നാക്കാനുള്ള നിർദേശവും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

മഴക്കുറവ്, വരൾച്ച, പേമാരി, കാലം തെറ്റിയുള്ള മഴ, രോഗ കീട ബാധകൾ, ശക്തമായ കാറ്റ്, ഉരുൾപൊട്ടൽ എന്നിവ മൂലം നഷ്ടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ കിട്ടും. തുക കർഷകരുടെ അക്കൗണ്ടിലേക്കു കൈമാറും.





എസ്.ആർ.വി.സ്കൂളിലെ 1960 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ എൽ.പി. സ്കൂളിന് റെഫ്രിജറേറ്ററും കളർ പ്രിന്ററും സമ്മാനിച്ചപ്പോൾ.പത്മജ മേനോൻ, പ്രൊഫ. ബി.ആർ.അജിത്ത്, പി എൻ സീനുലാൽ,കേണൽ ബാലകൃഷ്ണൻ,വർഗീസ്, ജോഗേഷ് ജോസഫ്,ചെറിയാൻ മാത്യു,ജയ പ്രദീപ് തുടങ്ങിയവർ സമീപം

## എസ്.ആർ.വി എൽ.പി സ്കൂളിന് റെഫ്രിജറേറ്ററും, കളർ പ്രിന്ററും സമ്മാനിച്ച് പൂർവ്വ വിദ്യാർഥികൾ

**കൊച്ചി :** എസ്.ആർ.വി.സ്കൂളിലെ 1960 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ എൽ.പി. സ്കൂളിന് റെഫ്രിജറേറ്ററും കളർ പ്രിന്ററും സമ്മാനിച്ചു. എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യോഗത്തിൽ പൂർവ്വ വിദ്യാർത്ഥി സംഘടന പ്രസിഡന്റ് ആർക്കിടെക്ട് പ്രൊഫ. ബി.ആർ.അജിത്ത് അദ്ധ്യക്ഷത വഹിച്ചു. കൊച്ചി കോർപ്പറേഷൻ കൗൺസിലർ പദ്മജ മേനോൻ,പൂർവ്വ വിദ്യാർഥി പി എൻ സീനുലാൽ,1960 ബാച്ച് പ്രതിനിധി കേണൽ ബാലകൃഷ്ണൻ, പ്രധാന അദ്ധ്യാപിക ജയ പ്രദീപ്, സെക്രട്ടറി ജോഗേഷ് ജോസഫ്, ജോയിന്റ് സെക്രട്ടറി വർഗീസ്, ട്രഷറർ ചെറിയാൻ മാത്യു തുടങ്ങിയവർ സംസാരിച്ചു.



വ്യാപാരി ദിനത്തോടനുബന്ധിച്ച് ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി കേരള വ്യാപാരി വ്യവസായി എകോപന സമിതി ചേരാനെല്ലൂർ ചിറ്റൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നിർധനരായ രോഗികൾക്കുള്ള സഹായ വിതരണോദ്ഘാടനം ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. ജി. രാജേഷ് നിർവ്വഹിക്കുന്നു.

## നിർധന രോഗികൾക്ക് സഹായവിതരണം നടത്തി

**കൊച്ചി:** വ്യാപാരി ദിനത്തോടനുബന്ധിച്ച് ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി കേരള വ്യാപാരി വ്യവസായി എകോപന സമിതി ചേരാനെല്ലൂർ ചിറ്റൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ നിർധനരായ രോഗികൾക്ക് വീൽചെയറുകൾ,വാക്കറുകൾ,മറ്റു മെഡിക്ക്ൽ സഹായങ്ങൾ എന്നിവ വിതരണം ചെയ്തു.വ്യാപ ഭവനിൽ ചേർന്ന യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് കെ.എസ് അബ്ദുൾ ഷുക്കൂർ അധ്യക്ഷത വഹിച്ചു.ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. ജി. രാജേഷ് സഹായ വിതരണോദ്ഘാടനം നിർവ്വഹിച്ചു.വാർഡ്മെമ്പർ ടി. ആർ. ഭരതൻ, യൂണിറ്റ് രക്ഷധികാരി ജോസഫ് പി ജി, എഡിസൺ,വി.എ,ഹസീന ബഷീർ എന്നിവർ പ്രസംഗിച്ചു.

## മൂന്നാറിൽ സഞ്ചാരികളുടെ വൻതിരക്ക്

**മൂന്നാർ:** രണ്ടര മാസത്തെ ഇടവേളയ്ക്കു ശേഷം മൂന്നാറിൽ വിനോദസഞ്ചാരികളുടെ വൻതിരക്ക്. രണ്ടാംശനി, സ്വാതന്ത്ര്യദിനം തുടങ്ങിയ അവധിദിനങ്ങൾ അടുത്തടുത്തു വന്നതോടെയാണ് മൂന്നാറിൽ സഞ്ചാരികളുടെ തിരക്കേറിയത്. സഞ്ചാരികളുടെ തിരക്കു കൂടിയതിനെത്തുടർന്നു പഴയ മൂന്നാർ, ടൗൺ, ഫ്ലവർ ഗാർഡൻ, രാജമല അഞ്ചാംമൈൽ, മാട്ടുപ്പെട്ടി, ഇക്കോ പോയിന്റ് എന്നിവിടങ്ങളിൽ കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ വൻഗതാഗതക്കുരുക്കാണ് അനുഭവപ്പെട്ടത്.

# വ്യവസായ പാർക്കും പ്രഖ്യാപനത്തിൽ ഒതുങ്ങി

**കണ്ണൂർ:** ഐടി വകുപ്പിൽ നിന്നു ഭൂമി വ്യവസായ വകുപ്പിനു കൈമാറാനുള്ള നടപടികൾ അനിശ്ചിതമായി നീളുന്നു. എരമം പുല്ലുപാറയിൽ സൈബർ പാർക്കിനു പകരം വ്യവസായ പാർക്ക് എന്ന സ്വപ്നവും കാടുകയറി നാശത്തിലേക്ക്. 2010ൽ തറക്കല്ലിട്ട സൈബർ പാർക്ക് പദ്ധതി ഉപേക്ഷിച്ചതോടെയാണ് ആ ഭൂമി പ്രയോജനപ്പെടുത്തി മിനി വ്യവസായ പാർക്ക് നിർമിക്കാൻ സർക്കാർ തീരുമാനിച്ചത്. രണ്ടു വർഷം മുൻപ് കണ്ണൂരിൽ നടന്ന മീറ്റ് ദ മിനിസ്റ്റർ പരിപാടിയിൽ വ്യവസായ മന്ത്രി പി.രാജീവ് തന്നെ ഇക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തു.

എന്നാൽ ഭൂമി കൈമാറ്റം ഇതുവരെ നടന്നിട്ടില്ലെന്നാണ് കഴിഞ്ഞ ദിവസം കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുമ്പോൾ ചോദ്യത്തിനു മറുപടിയായി മന്ത്രി രാജീവ് പറഞ്ഞത്.

കെട്ടിട നിർമാണത്തിനായി കൊണ്ടുവന്ന വസ്തുക്കൾ ഉൾപ്പെടെ കോടിക്കണക്കിനു രൂപയുടെ സാധന സാമഗ്രികളാണ് വെയിലും മഴയുമേറ്റ് നശിക്കുന്നത്. വിമാനത്താവളം വരും മുൻപേ വരുമെന്നു പ്രതീക്ഷിച്ചിരുന്ന പദ്ധതിയാണ് സർക്കാർ വകുപ്പുകളുടെ അനാസ്ഥയിൽ ഇല്ലാതാകുന്നത്.

2010 ജനുവരി 15ന് സൈബർ പാർക്കിന് പുല്ലുപാറയിൽ തറക്കല്ലിട്ടത് അന്നത്തെ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ആയിരുന്നു. അതിവേഗമായിരുന്നു തുടക്കത്തിൽ കാര്യങ്ങൾ. 25 ഏക്കർ ഭൂമി ഏറ്റെടുത്ത് ചുറ്റുമതിലും ഗേറ്റും സ്ഥാപിച്ചു. റോഡ് സൗകര്യവും ഹൈടെൻഷൻ വൈദ്യുതി ലൈനും സജ്ജമാക്കി. അൻപതിനായിരം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം നിർമിക്കാനുള്ള ഒരുക്കം തുടങ്ങി. പ്രീഫാബ്രിക്കേറ്റഡ് രീതിയിലായിരുന്നു കെട്ടിടം ഉദ്ദേശിച്ചിരുന്നത്. ഇതിനുള്ള സാമഗ്രികൾ അഞ്ചു കോടി രൂപയോളം മുടക്കി പുണെയിൽ നിന്ന് എത്തിക്കുകയും ചെയ്തു.

ഇപ്പോഴത്തെ ജനറൽ മാനേജർ എ.എസ്.ഷിറാസും സ്ഥലം സന്ദർശിച്ചിരുന്നു. സൈബർ പാർക്ക് വിമാനത്താവളത്തിനു സമീപം മട്ടന്നൂരിൽ തുടങ്ങുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപനവും വന്നു. എന്നാൽ ഭൂമി വ്യവസായ വകുപ്പിന് കൈമാറാനുള്ള നടപടി മുന്നോട്ടു പോയില്ല. തുരുമ്പെടുത്തു തുടങ്ങിയ കോടികൾ വിലയുള്ള സാധന സാമഗ്രികൾ ആക്രിക്കടകളിൽ എത്തിത്തുടങ്ങി



# ഒരു കോടി ഫണ്ട് അനുവദിച്ച് കേന്ദ്രം, മൂന്നാറിൽ സ്ട്രീറ്റ് ഫുഡ് ഹബ് വരുന്നു

**മൂന്നാർ:** വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എഫ്എസ്എസ്എഐ) കീഴിലുള്ള ജില്ലയിലെ ആദ്യ സ്ട്രീറ്റ് ഫുഡ് ഹബ് വരുന്നു. രാജ്യത്താകെ 100 ഹബ്ബുകൾ നിർമിക്കാനാണ് എഫ്എസ്എസ്എഐ ലക്ഷ്യമിടുന്നത്. ഇതിൽ കേരളത്തിന് 4 എണ്ണം അനുവദിച്ചു. ഇതിൽ ഒരെണ്ണമാണു മൂന്നാറിൽ നിർമിക്കുന്നത്. പഞ്ചായത്തിന്റെ പൂർണനിയന്ത്രണത്തിലാണു ഹബ് പ്രവർത്തിക്കുന്നത്.

ഒരു കോടി രൂപയാണു ഹബ് നിർമാണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. എൻഎച്ച്എം വഴിയാണു ഫണ്ട് നൽകുന്നത്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്താണു ഹബ് പണിയുന്നത്. 20 ഭക്ഷണശാലകൾ അടങ്ങുന്നതാണ് ഒരു ഹബ്. മൂന്നാർ സന്ദർശനത്തിനെത്തുന്ന വിദേശികളടക്കമുള്ള സഞ്ചാരികൾക്കു വൃത്തിയുള്ള അന്തരീക്ഷത്തിൽ പ്രാദേശിക ഭക്ഷണമുൾപ്പെടെ വിവിധ തരത്തിലുള്ള ഭക്ഷണങ്ങൾ ഒരേ സ്ഥലത്തു വിവിധ റസ്റ്ററന്റുകളിൽ നിന്നു ലഭ്യമാക്കുകയാണു പദ്ധതി കൊണ്ടു ലക്ഷ്യമിടുന്നത്.

ഫുഡ് ഹബ് നിർമിക്കാനായി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലങ്ങളിൽ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മിഷണർ ജോസ് ലോറൻസിന്റെ നേതൃത്വത്തിലുള്ള സംഘം കഴിഞ്ഞ ദിവസം പരിശോധന നടത്തിയിരുന്നു. പഴയ മൂന്നാറിൽ ഒരു സ്ഥലം ഉചിതമെന്നു സംഘം കണ്ടെത്തി. മറ്റു നടപടികൾ പൂർത്തിയായാൽ ഹബ്ബിന്റെ നിർമാണം ആരംഭിക്കും. ഹബ്ബിലെ ഭക്ഷണശാലകളുടെ ഉടമസ്ഥാവകാശം, വാടക നിശ്ചയിക്കൽ, അറ്റകുറ്റപ്പണികൾ തുടങ്ങിയവ പഞ്ചായത്തിന്റെ ചുമതലയായിരിക്കും.

# മാതളം കൃഷി ചെയ്യാം



ഹരിതം

ഔഷധ സമൃദ്ധവും പോഷക സമ്പുഷ്ടവുമായ ഒരു ഫലമാണ് മാതളം അഥവാ ഉറുമാമ്പഴം. നിരവധി ആരോഗ്യ ഗുണങ്ങൾ ഉള്ളതും കുട്ടികൾക്ക് വളരെയേറെ ഇഷ്ടമുള്ളതുമാണ് മാതള നാരകം. രക്തം ഉണ്ടാവാൻ ഇത്രയേറെ ഫലപ്രദമായ മറ്റൊരു പഴം ഇല്ലെന്നു തന്നെ പറയാം. ഹൃദയരോഗങ്ങളും ചില കാൻസറുകളും തടയാൻ വേണ്ട പോഷകങ്ങൾ വരെ മാതള ജൂസിലൂടെ ലഭിക്കുമെന്ന് ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു.

എല്ലാറ്റിനുമുപരിയായി, ഒരാൾക്ക് അവരുടെ പൂന്തോട്ടത്തിലോ വീട്ടുമുറ്റത്തോ കുറഞ്ഞ പരിചരണത്തോടും സംരക്ഷണത്തോടും കൂടി ഈ പോഷകഗുണമുള്ള പഴത്തിന്റെ ചെടി വളർത്തുകയും, വലിയ തോതിൽ മാതളനാരങ്ങകൾ ഒരേസമയം ശേഖരിക്കുകയും ചെയ്യാം. 2.5 മുതൽ മൂന്ന് മീറ്റർ വരെ വളരുന്ന ചെടി വേനൽക്കാലത്ത് പഴങ്ങൾ കൊണ്ട് നിറഞ്ഞിരിക്കും.

തൈകൾ നട്ടുപിടിപ്പിക്കുന്ന രീതിയോ, വിത്തിൽ നിന്ന് നട്ടുവളർത്തുന്ന രീതിയോ കഴിയുമെങ്കിലും 15 ഥഎൽ താഴെ താപനില മാതളചെടിക്ക് താങ്ങാൻ കഴിയില്ല. വിത്ത് ഉപയോഗിച്ചാണ് ചെടി വളർത്തുന്നതെങ്കിൽ, അതിന്റെ വൈവിധ്യം ഉറപ്പാക്കാൻ അടുത്ത നാലോ അഞ്ചോ വർഷം കായ്ക്കാൻ കാത്തിരിക്കേണ്ടിവരും. ഒരു മാതളനാരകം നന്നായി വളരാനും ആരോഗ്യകരമായ ഫലം കായ്ക്കാനും ധാരാളം സൂര്യപ്രകാശം ആവശ്യമുള്ളതിനാൽ തണുപ്പുകാലത്ത് അത്യാവശ്യം ചൂട് നിലനിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി വെച്ചാൽ മതി.

നന്നായി വറ്റിപ്പോകുന്ന ചെറുതായി ക്ഷാരഗുണമുള്ള മണ്ണ് ഒരു മാതള ചെടിക്ക് നല്ല വിളവ് ഉണ്ടാക്കും. എന്നിരുന്നാലും, നനഞ്ഞ അടി മണ്ണിൽ നടുന്നത് ഒഴിവാക്കണം. ഒരു മാതളനാരങ്ങ ചെടിക്ക് ഇരുണ്ടതോ കാറ്റുള്ളതോ ആയ സാഹചര്യങ്ങളെ നേരിടാൻ കഴിയില്ല, അതിനാൽ കാറ്റിൽ നിന്നുള്ള ശരിയായ സംരക്ഷണത്തോടൊപ്പം വരണ്ട അവസ്ഥയും നൽകുന്നത് നല്ലതാണ്. മാതളനാരങ്ങ ചെടികൾ ശലഭങ്ങളെയും മറ്റും ആകർഷിക്കാറുണ്ട്. അതിനാൽ കീടനിയന്ത്രണത്തിൽ കൂടുതൽ പരിചരണം ആവശ്യമാണ്. ശലഭങ്ങൾ ചെടിക്ക് വലിയ ഭീഷണിയല്ലെങ്കിലും, ചെടിയിൽ നിന്ന് ലാർവകളെ നീക്കം ചെയ്യാൻ ആവശ്യമെങ്കിൽ, ഒരു ബട്ടർഫ്‌ളൈ സ്പ്രേ ഉപയോഗിക്കാം. കൂടാതെ, ചെടിക്ക് അമിതമായി നനയ്ക്കുന്നത് ഒഴിവാക്കണം. ചെടിയുടെ ചത്ത ഭാഗങ്ങൾ ഇടയ്ക്കിടെ നീക്കം ചെയ്യുന്നതും നല്ല ഫലം നൽകും.



## ഓണാട്ടുകര എള്ളിന് പൈതൃകവിളയുടെ സംരക്ഷണം

570 ഹെക്ടറിൽ അധികം പ്രദേശത്ത് പരന്പരാഗതമായി എള്ള് കൃഷിചെയ്യുന്ന ഓണാട്ടുകര കർഷകർക്ക് പിന്തുണയുമായി സംസ്ഥാന കൃഷി വകുപ്പ് പദ്ധതികൾ അംഗീകരിച്ചു.

രണ്ടു നെല്ലും ഒരെള്ളും എന്ന തനതു രീതിയിൽ കൃഷി ചെയ്തു വരുന്ന വിരിപ്പ് നില ഉടമകളാണ് ഓണാട്ടുകരയിലുള്ളത്. നെൽക്കൃഷിയുടെ നഷ്ടം നികത്താനായി എണ്ണവിള ക്കൃഷിയായി എള്ളിനെ പരിഗണിച്ച പൂർവസൂരികൾക്കു തെറ്റിയില്ല.

ചെട്ടികുളങ്ങര ക്ഷേത്രത്തിലെ വിശ്വകീർത്തി ഉത്സവമായ ഭരണിക്കെട്ടുകാഴ്ചയുമായി ബന്ധപ്പെടുത്തി എള്ളു കൃഷിക്ക് പവിത്ര മുദ്ര കല്പിച്ചു നൽകാനും ഈ നാട് മറന്നില്ല.

ധാരാളം ആൻറി ഓക്സിഡൻറുകളും ഫ്ളേവനോയിഡുകളും അടങ്ങിയ എള്ളിൽ ഒലിയിക് ആസിഡ് എന്ന ഏക പൂരിത കൊഴുപ്പാണ് അടങ്ങിയിരിക്കുന്നത്. നല്ല കൊളസ്ട്രോളിൻറെ തോത് കൂട്ടി ഹൃദയാരോഗ്യം വർധിപ്പിക്കുന്ന ആരോഗ്യവിളയാണിത്.

2020 ൽ കേന്ദ്ര സർക്കാർ പരിഗണനയ്ക്കു സമർപ്പിക്കപ്പെട്ട എള്ള് കിഴി 2022 ഡിസംബർ 15 ലെ വിജ്ഞാപനത്തിൽ ഭൗമസൂചിക പദവി നേടുകയും ചെയ്തു.

ആയാളി, തിലക്, കായംകുളം ഒന്ന് എന്നീ പേരുകളിൽ അറിയപ്പെടുന്ന പ്രാദേശിക എള്ള് വിളവെടുക്കുന്പോൾ കിലോയ്ക്കു 300 രൂപ മതിപ്പ് നൽകി ശേഖരിക്കാൻ പദ്ധതി വിഹിതമായി ഓണാട്ടുകര വികസന ഏജൻസിക്ക് 1.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## അത്ഭുതപ്പെടുത്തുന്ന ആരോഗ്യ ഗുണങ്ങൾ; താരമായി ജർജീർ ഇലകൾ



അറബികളുടെ ഭക്ഷണത്തിൽ കാണുന്ന പ്രധാന ഇനമാണ് ജർജീർ ഇലകൾ. കബ്സ, ബാർബിക്യു, കബാബ് വിഭവങ്ങൾക്കൊപ്പം സലാഡ് ആയി ജർജീർ ഇലകൾ പൊതുവെ ഉപയോഗിക്കുന്നു. കലോറി കുറഞ്ഞ നല്ലൊരു സാലഡ് വിഭവവും ധാരാളം നാരുകളും ജലാംശവും നിറഞ്ഞതാണ് ജർജീർ. ഗുണങ്ങൾ മനസിലാക്കിയ മലയാളികളും ഇപ്പോൾ ജർജീർ ഭക്ഷണത്തിനൊപ്പം ഉപയോഗിക്കുന്നുണ്ട്.

റോക്കെറ്റ് ഗാർഡൻ, റോക്കെറ്റ് സാലഡ്, റോക്കെറ്റ് എന്നിങ്ങനെ ധാരാളം വിളിപ്പേരുണ്ട് ഇതിന്. ശാസ്ത്രീയ നാമം എരുക്കാ സറ്റൈവ (ല്ലൗരമ മെശേ്മ). നാട്ടിൻപുറങ്ങളിൽ അറുഗുള എന്നും അറിയപ്പെടുന്നു. പലരുമിപ്പോൾ ജർജീർ കൃഷി ചെയ്തുവരുന്നുണ്ട്. ഇത് പച്ചയ്ക്കാണ് കഴിക്കേണ്ടത്. കുറഞ്ഞ കയ്പു രസമുള്ള ഇതിന്റെ ഇല അല്പം ഉപ്പു ചേർത്ത നാരങ്ങാ നീരിനൊപ്പമോ തൈര് ഉപയോഗിച്ചോ അല്ലാതെയോ കഴിക്കാവുന്നതാണ്.

നിരവധി ആരോഗ്യ ഗുണങ്ങളുണ്ട് ജർജീറിന്. കാൻസർ പോലുള്ള രോഗങ്ങളെ പ്രതിരോധിക്കാൻ സഹായിക്കുന്ന ആന്റി ഓക്സിഡന്റുകൾ ഇതിലടങ്ങിയിട്ടുണ്ട്. കൂടാതെ വിറ്റാമിൻ എ, ബി, സി, കെ എന്നിവയുടെ ഉറവിടവുമാണ്. എല്ലുകളുടെ വളർച്ചയ്ക്കും സഹായിക്കുന്നു. ശരീരഭാരം കുറയ്ക്കാനും ജർജീർ മികച്ചതാണ്. കൊളസ്ട്രോൾ, ബിപി എന്നിവ കുറയ്ക്കാനുള്ള ഔഷധ ഗുണവും ഇതിനുണ്ട്.

കരോട്ടിനോയിഡുകളും പൊട്ടാസ്യം, മാംഗനീസ്, അയൺ, കാൽസ്യം എന്നിവയും ധാരാളം അടങ്ങിയിട്ടുണ്ട്. കൊളസ്ട്രോൾ, പ്രമേഹം, ശ്വാസകോശ രോഗങ്ങൾ, ചർമ രോഗങ്ങൾ, കരൾ രോഗങ്ങൾ, ആമാശയ രോഗങ്ങൾ എന്നിവയ്ക്കും ഔഷധമാണ് ജർജീർ.

കൃഷി ചെയ്യാൻ പ്രത്യേകിച്ച് പരിചരണമോ വളപ്രയോഗങ്ങളോ ആവശ്യമില്ലെന്നാണ് ജർജീറിന്റെ പ്രത്യേകത. പൂവും കായും വരുന്നതിന് മുമ്പെ വിളവെടുക്കാൻ ശ്രദ്ധിക്കുക എന്നതാണ് പ്രധാനം. ഓൺലൈൻ സൈറ്റുകളിലും ഇതിന്റെ വിത്ത് ലഭ്യമാണ്. വിത്തുകൾ നേരിട്ട് പാകിയശേഷം നേരിയ രീതിയിൽ മണ്ണ് അല്ലെങ്കിൽ ചകിരിച്ചോറ് കമ്പോസ്റ്റ് മുകളിലായി നിരത്തുക. ദിവസവും നന ഉറപ്പാക്കണം. ഒരാഴ്ചയ്ക്കുള്ളിൽ വിത്തുകൾ മുളയ്ക്കും. വേഗത്തിലാണ് ഇവ വളരുന്നത്. ഇലകൾക്ക് നല്ല ഇരുണ്ട പച്ചനിറമാവുമ്പോൾ വിളവെടുപ്പ് നടത്താം. വേപ്പധിഷ്ഠിത കീടനാശിനികൾ ഉപയോഗിച്ച് കീടങ്ങളെ തടയാനാവും. പൂർണമായും ജൈവരീതിയിൽ കൃഷി ചെയ്ത് എടുക്കാമെന്നുള്ളത് ജർജീറിന്റെ പ്രത്യേകതയാണ്. മികച്ച ആദായവും ഇത് നൽകും.



## മത്സ്യകൃഷി വിളവെടുപ്പ് ഉദ്ഘാടനം മന്ത്രി കെ രാജൻ നിർവഹിച്ചു

**തൃശ്ശൂർ:** ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി 20222023 പദ്ധതി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിലെ ഗിഫ്റ്റ് തിലാപ്പിയ മത്സ്യകൃഷി വിളവെടുപ്പ് ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ നിർവഹിച്ചു. മത്സ്യകർഷകനായ പട്ടിക്കാട് പുത്തൻപുരയ്ക്കൽ വീട്ടിൽ പ്രഭീഷ് പി.പിയുടെ ഫാമിലാണ് മത്സ്യകൃഷി വിളവെടുപ്പ് നടന്നത്.

ജനുവരി മാസത്തിൽ 5500 ഗിഫ്റ്റ് തിലാപ്പിയ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരുന്നു. മത്സ്യകൃഷി പൂർണ്ണമായും വിളവെടുത്ത കഴിയുമ്പോൾ ഏകദേശം 2500 കിലോയോളം ഗിഫ്റ്റ് തിലാപ്പിയ മത്സ്യമാണ് ലക്ഷ്യമിടുന്നത്. ഒരു കിലോ മത്സ്യം 200 രൂപയ്ക്കാണ് വിൽക്കുന്നത്. ആർ എ എസ് മത്സ്യകൃഷിക്കായി ഫിഷറീസ് വകുപ്പിൽ നിന്ന് 70% മത്സ്യകുഞ്ഞുങ്ങൾക്കും 40 % മത്സ്യ തീറ്റയ്ക്കും സബ്സിഡി ലഭിക്കുന്നുണ്ട്. മത്സ്യ ഉൽപാദനത്തിനോടൊപ്പം പ്രഭീഷ് പച്ചക്കറികളായ ചീര, വെണ്ട, മുളക്, പടവലം, കയ്പക്ക തുടങ്ങിയവയും വാണിജ്യ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികളാണ് ഫിഷറീസ് വകുപ്പും, പാണഞ്ചേരി പഞ്ചായത്തും ചേർന്നൊരുക്കുന്നത്. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സാവിത്രി സദാനന്ദൻ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ആനി ജോയി സ്വാഗതം ആശംസിച്ച ചടങ്ങിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പട്ടിക്കാട് ഡിവിഷൻ മെമ്പർ രമ്യ രാജേഷ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ജോയ്നി ജേക്കബ്ബ് , വകുപ്പ് ഉദ്യോഗസ്ഥർ ,നാട്ടുകാർ എന്നിവർ പങ്കെടുത്തു.



## കോളനി വികസന പദ്ധതികൾക്ക് തുടക്കമായി

**തൃശ്ശൂർ:** അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് കണ്ണാറ ഉദയപുരം കോളനിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ നിർവഹിച്ചു.

കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് പുരോഗമിക്കുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റ ശേഷം തൻറെ നിയോജകമണ്ഡലത്തിലെ മൂന്നാമത്തെ കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കാണ് തുടക്കം ഇട്ടിരിക്കുന്നത് എന്നും മന്ത്രി കൂട്ടിച്ചേർത്തു. ഒരുകോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് തുടക്കമായിരിക്കുന്നത്.

കാനനിർമ്മാണം, നിലവിലുള്ള റോഡ് റീടാറിങ്, പുതിയ റോഡ് കോൺക്രീറ്റിംഗ്, മൈത്രി നഗർ സംരക്ഷണഭിത്തി നിർമ്മാണം എന്നിവയാണ് ഒരു കോടി രൂപയുടെ വികസന പദ്ധതിയിലൂടെ ലക്ഷ്യം വെച്ചിരിക്കുന്നത്. സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

വാർഡ് മെമ്പർ രേഷ്മ സജീഷ് സ്വാഗതം ആശംസിച്ച ചടങ്ങിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സാവിത്രി സദാനന്ദൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന നിർമ്മാണ സമിതി കേന്ദ്രം റീജിയണൽ എൻജിനീയർ സതീദേവി റിപ്പോർട്ട് അവതരിപ്പിച്ചു. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഇ ടി ജലജൻ, ഒല്ലൂക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സന്ധ്യ ടി എം, വാർഡ് മെമ്പർമാരായ സ്വപ്ന രാധാകൃഷ്ണൻ, ബീന പൗലോസ്, സുശീല രാജൻ, വാർഡ് വികസന കൺവീനർ എം ബാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.



## ടണ്ണിന് 1680 രൂപ നിരക്ക്; ബ്രഹ്മപുരത്തു ബയോമൈനിങ് കരാർ രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിൽ

**കൊച്ചി:** ബ്രഹ്മപുരത്തു ബയോമൈനിങ് നടത്താൻ കോർപറേഷൻ സ്വകാര്യ ഏജൻസിക്കു കരാർ നൽകുന്നതു രാജ്യത്തെ തന്നെ ഏറ്റവും ഉയർന്ന നിരക്കിൽ. ടണ്ണിന് 1680 രൂപ നിരക്കിൽ പുണെ കേന്ദ്രമായ കമ്പനിക്കു ബയോമൈനിങ് കരാർ നൽകാനാണു കോർപറേഷനിലെ ആരോഗ്യകാര്യ സ്ഥിരസമിതി തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മറ്റു കോർപറേഷനുകളിലെ ബയോമൈനിങ് കരാറുകളും ഇതിനെക്കാൾ കുറഞ്ഞ നിരക്കിലാണ്.

ബ്രഹ്മപുരത്ത് 7 ലക്ഷം ടൺ മാലിന്യം കെട്ടിക്കിടക്കുന്നുവെന്നാണ് കോർപറേഷന്റെ ഏകദേശ കണക്ക്. മാലിന്യത്തിന്റെ കൃത്യമായ അളവെടുക്കാൻ എൻഐടി കാലിക്കറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 7 ലക്ഷം ടൺ മാലിന്യമുണ്ടെങ്കിൽ ടണ്ണിന് 1680 രൂപ പ്രകാരം 118 കോടി രൂപയാകും. വൻ സാമ്പത്തിക ബാധ്യതയാകുമെങ്കിലും ബയോമൈനിങ് നടത്തണമെന്നു ദേശീയ ഹരിത ട്രൈബ്യൂണൽ നിർദേശമുള്ളതിനാൽ കോർപറേഷനു മാറി നിൽക്കാനാകില്ല.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (സിപിസിബി) 2019ലെ മാനദണ്ഡ പ്രകാരം ബയോമൈനിങ് നടത്താൻ കണക്കാക്കിയിട്ടുള്ളത് ഘന മീറ്ററിന് 400 രൂപ മുതൽ 700 രൂപ വരെയാണ് (ഒരു ഘനമീറ്റർ മാലിന്യമെന്നത് ഏകദേശം ഒരു ടൺ മാലിന്യമെന്നു കണക്കാക്കാം). ബയോമൈനിങ് നടത്തിയ മാലിന്യം നീക്കം ചെയ്യേണ്ട ദൂരത്തിന് അനുസരിച്ച് അധിക തുക വേണ്ടി വരും.

എന്നാൽ കൊച്ചിയിൽ ഇപ്പോൾ കരാർ നൽകാൻ പരിഗണിക്കുന്ന നിരക്ക് സിപിസിബി പറയുന്ന ഉയർന്ന നിരക്കിന്റെ ഇരട്ടിയിലേറെയാണ്.

മികച്ച കമ്പനികളെ തേടിയതുകൊണ്ടും കെട്ടിക്കിടക്കുന്ന മാലിന്യത്തിൽ പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ കുറവായതു കൊണ്ടുമാണ് തുക ഉയർന്നതെന്നാണ് കോർപറേഷൻ അധികൃതർ പറയുന്നത്.



## കായ കറുത്തു കൊഴിയുന്നു; കാപ്പിക്കർഷകർ ആശങ്കയിൽ

**നടവയൽ :** കായ പൊഴിച്ചിൽ രോഗം വ്യാപകമായതോടെ കാപ്പി കർഷകർ ദുരിതത്തിൽ. കാലവർഷത്തിൽ മുൻവർഷങ്ങളിലെ അത്ര മഴ ലഭിച്ചില്ലെങ്കിലും മഴയെത്തുടർന്നുള്ള കാപ്പിച്ചെടികളിലെ കായ പൊഴിച്ചിൽ ഇക്കുറിയും പലയിടങ്ങളിലും രൂക്ഷമാണ്. മഴയ്ക്കു ശേഷവും, ചെടികളുടെ ചുവട്ടിൽ വെള്ളം കെട്ടി നിൽക്കാത്ത സ്ഥലത്തെ കാപ്പിത്തോട്ടങ്ങളിൽ വരെ കായകളുടെ വളർച്ചയുടെ ഘട്ടത്തിൽ തന്നെ കായകറുത്ത് പൊഴിയുന്ന അവസ്ഥയാണ്. പ്രതികൂല കാലാവസ്ഥയാണു കായ പൊഴിച്ചിലിന്റെ കാരണങ്ങളിലൊന്ന്. മഴ തുടർച്ചയായി പെയ്യുന്നത് കാപ്പിച്ചെടിയിൽ കുമിൾ രോഗം വർധിക്കാൻ കാരണമാകുന്നുവെന്നും പറയപ്പെടുന്നു. കുമിൾ രോഗമാണെങ്കിൽ ഇലകളും കായ്കളും വ്യാപകമായി പൊഴിയും.

പ്രതികൂല കാലാവസ്ഥ മൂലം റോബസ്റ്റ, അറബിക്ക ഇനങ്ങളിൽ കറുത്തഴുകൽ, ഞെട്ടുചീയൽ പോലുള്ള രോഗങ്ങൾ വർധിക്കുന്നതായും കണ്ടുവരുന്നുണ്ട്. കഴിഞ്ഞ 6 വർഷമായി ജില്ലയിലുണ്ടായ കാലവസ്ഥാവ്യതിയാനം കാപ്പിയുടെ വിളവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ചെടികളുടെ ചുവട്ടിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുകയും വായുസഞ്ചാരം ഉറപ്പു വരുത്തുകയും ചെയ്താൽ കായ പൊഴിച്ചിൽ കുറയ്ക്കാൻ കഴിയുമെന്നു വിദഗ്ധർ പറയുന്നു

# സമുദ്രോത്പ്പന്ന കയറ്റുമതി കേന്ദ്രം തുറന്ന് ലുലു ഗ്രൂപ്പ്




**കൊച്ചി :** റീട്ടെയ്ൽ മേഖലയ്ക്ക് പുറമേ ഭക്ഷ്യസംസ്കരണ കയറ്റുമതി രംഗത്തും ലുലു ഗ്രൂപ്പ്. സംസ്ഥാനത്തെ ഏറ്റവും ബൃഹത്തായ സമുദ്രോത്പ്പന്ന കയറ്റുമതി കേന്ദ്രം അരൂരിൽ പ്രവർത്തനം ആരംഭിച്ചു. പൂർണമായും ഓട്ടോമാറ്റിക് സൗകര്യത്തിലുള്ള നൂതനമായ സജ്ജീകരണങ്ങളാണ് ലുലു ഗ്രൂപ്പിന്റെ സമുദ്രോത്പ്പന്ന സംസ്കരണ കയറ്റുമതി കേന്ദ്രത്തിലുള്ളത്. 150 കോടി മുതൽമുടക്കിലാണ് സംസ്ഥാനത്തെ ഏറ്റവും വിപുലമായ ഈ സമുദ്രോത്പ്പന്ന കേന്ദ്രം ഒരുങ്ങിയിട്ടുള്ളത്. ലുലു ഗ്രൂപ്പിന്റെ കേരളത്തിലെ ആദ്യ മത്സ്യസംസ്കരണ യൂണിറ്റ് കൂടിയാണ് ഈ അത്യാധുനിക സംവിധാനത്തിലുള്ള സമുദ്രോത്പ്പന്ന കയറ്റുമതി കേന്ദ്രം. 800 പേർക്കാണ് പുതിയ പുതിയ തൊഴിലവസരം ഒരുങ്ങുന്നത്.വ്യവസായ മന്ത്രി പി രാജീവ് ഉദ്ഘാടനം നിർവ്വഹിച്ചു.സമുദ്രോത്പ്പന്ന കയറ്റുമതി രംഗത്ത് കേരളത്തിന് മികച്ച സാധ്യതയാണ് ഉള്ളതെന്നും, ലുലു ഗ്രൂപ്പിന്റെ ഈ സംരംഭം മത്സ്യസംസ്കരണ രംഗത്തെ വിപ്ലവമാകുമെന്നും മന്ത്രി പി രാജീവ് ഉദ്ഘാടന പ്രസംഗത്തിനിടെ വ്യക്തമാക്കി. സമുദ്ര വിഭവങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനോടൊപ്പം സമുദ്ര ഉൽപ്പന്നങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉല്പന്നങ്ങളുടെ കയറ്റുമതിയും ഈ കേന്ദ്രത്തിലൂടെ ലുലു ഉറപ്പ് വരുത്തുന്നു. മൂല്യവർധിത ഉൽപ്പന്നങ്ങൾക്കായി മാത്രം പ്രത്യേക യൂണിറ്റുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ നേരിട്ടും അല്ലാതെയും 800 ലധികം ആളുകൾക്കാണ് പുതുതായി തൊഴിൽ ലഭ്യമാകുന്നത്. മാസം 2,500 ടൺ സമുദ്രോത്പന്നങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിടുന്നത്.കേരളത്തിലെ മത്സ്യതൊഴിലാളികൾക്ക് ഏറെ പ്രയോജനകരമാകുന്നതാണ് ഈ പദ്ധതിയെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി പറഞ്ഞു. മത്സ്യത്തിന് മികച്ച വില തൊഴിലാളികൾക്ക് ലഭിക്കാനും പുതിയ പദ്ധതി വഴിതുറക്കും. പച്ചക്കറി പഴം കയറ്റുമതിയിൽ രാജ്യത്തെ ഏറ്റവും വലിയ എക്സ്പോർട്ടറാണ് ലുലു ഗ്രൂപ്പ്. ഈജിപ്ത്, ഇന്തോനേഷ്യ അടക്കമുള്ള രാജ്യങ്ങളിലെ സൈനിക സംവിധാനങ്ങൾക്ക് വരെ ഇന്ത്യയിലെ ഉൽപ്പന്നങ്ങൾ ഇതിലൂടെ ലഭ്യമാക്കുന്നുണ്ട്. ഈ വർഷം പതിനായിരം കോടി രൂപയുടെ കയറ്റുമതിയാണ് ലുലു ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കളമശ്ശേരിയിൽ രാജ്യത്തെ ഏറ്റവും വലിയ ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത് തന്നെ ആരംഭിക്കുമെന്ന് യൂസഫ് അലി വ്യക്തമാക്കി. കേരളത്തിൽ നിന്നുള്ള മത്സ്യഉൽപ്പന്നങ്ങൾ ഗൾഫ് രാജ്യങ്ങൾ, ഈജിപ്ത്, ഇന്തോനേഷ്യ, മലേഷ്യ, യൂറോപ്പ്, യു.കെ. യു.എസ്., ജപ്പാൻ, കൊറിയ, ചൈന തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യും.വിദേശത്തെ ലുലു ഹൈപ്പർമാർക്കറ്റുകളാണ് പ്രധാന വിപണി. ലുലു ഗ്രൂപ്പിന്റെ കയറ്റുമതി ഡിവിഷനായ ഫെയർ എക്സ്പോർട്സ് ഇന്ത്യ ഇക്കഴിഞ്ഞ മാർച്ചിൽ അവസാനിച്ച 20222023 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്നും 6,200 കോടി രൂപയുടെ പഴം പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ, മത്സ്യ മാംസവിഭവങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാണ് വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തത്. ഇതിൽ കേരളത്തിൽ നിന്നുള്ള വിഹിതം 560 കോടി രൂപയുടെ ഉത്പ്പന്നങ്ങളാണ്. കേരളത്തിൽ നിന്നുള്ള കയറ്റുമതി വിഹിതം വർധിപ്പിക്കുകയെന്ന ലക്ഷ്യമാണ് പുതിയ പദ്ധതിയിലൂടെ ലുലു യാഥാർത്ഥ്യമാക്കുന്നത്.ലുലു ഗ്രൂപ്പിന്റെ പുതിയ സംരംഭം തൊഴിലാളികൾക്കും ഏറെ ഗുണമാകുമെന്നു കേന്ദ്രസർക്കാർ സ്ഥാപനമായ മറൈൻ പ്രൊഡ്കട്സ് എക്സ്പോർട്ട് ഡെവൽപ്പ്മെന്റ് അതോറിറ്റി ചെയർമാൻ ദൊഡ്ഡ വെങ്കടസ്വാമി ഐഎഎസ് പറഞ്ഞു.ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ, ലുലു ഗ്രൂപ്പ് ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ സലീം വി.ഐ, ലുലു ഗ്രൂപ്പ് ഡയറക്ടർ സലീം എം.എ, ലുലു ഡയറക്ടർ മുഹമ്മദ് അൽത്താഫ്, ലുലു ഫിനാൻഷ്യൽ ഗ്രൂപ്പ് എംഡി അദീബ് അഹമ്മദ്, ലുലു ഫെയർ എക്സ്പോർട്ടസ് സിഇഒ നജ്മുദ്ദീൻ ഇബ്രാഹിം, ഫെയർ എക്പോർട്സ് ജനറൽ മാനേജർ അനിൽ ജലധാരൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

# സ്കൂളുകളിൽ ഹൃദ്രോഗ പ്രതിരോധ പരിപാടിയുമായി ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി

**കൊച്ചി:** സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഹൃദ്രോഗ പ്രതിരോധ പരിപാടികൾ സംഘടിപ്പിച്ച് ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്റർ ഓരോ ജില്ലയിലെയും ഹൃദയസംബന്ധമായ അപകടസാധ്യത ഘടകങ്ങൾ പഠിച്ചാണ് ഐ.സി.സി.കേരള ചാപ്റ്റർപ്രതിരോധത്തിനുള്ള ഈ പദ്ധതി നടപ്പാക്കുന്നത്. ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.ശശികുമാർ എം,ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി ദേശീയ അധ്യക്ഷൻ ഡോ.ജയഗോപാൽ പി.ബി, ഡോ.പ്രതാപ് കുമാർ, ഡോ.ബിനോ ബെഞ്ചമിൻ, ഡോ.മഹേഷ് കുമാർ, ഡോ.അശോകൻ, ഡോ.ജയകുമാർ, ഡോ.ജോർജ് തയ്യിൽ, ഡോ.ജാബിർ .എ എന്നിവർ പ്രതിരോധ പരിപാടികൾക്ക് നേതൃത്വം നൽകി.ആരോഗ്യകരമായ ഹൃദയവും ജീവിതശൈലിയും തങ്ങളുടെ പ്രഥമ പരിഗണനകളിലൊന്നാണെന്ന് സ്കൂൾ ജീവിതത്തിൽ തന്നെ വിദ്യാർത്ഥികൾ അറിഞ്ഞിരിക്കണം. ഇതിനായി കേരളത്തിലെ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ടാണ് പദ്ധതിയെന്ന് ഐ.സി.സി.കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.ശശികുമാർ എം പറഞ്ഞു.ആദ്യ ഘട്ടത്തിൽ 14 ജില്ലകളിലും രണ്ട് സ്കൂളുകളിലായാണ് പദ്ധതി നടത്തുന്നത്. ഓരോ സ്കൂളിൽ നിന്നും 100 മുതൽ 160 വരെ വിദ്യാർത്ഥികളുടെ പങ്കാളിത്തമുണ്ട്.ജൂലൈ 17 ന് കൊല്ലം ജില്ലയിൽ ആരംഭിച്ച പരിപാടി ഓഗസ്റ്റിൽ എല്ലാ ജില്ലകളിലും പൂർത്തിയാകുമെന്ന് ഡോ ശശികുമാർ എം പറഞ്ഞു.തെറ്റായ ജീവിതശൈലി, ഭക്ഷണങ്ങൾ,മാനസിക സമ്മർദ്ദം, ഉറക്കക്കുറവ്, പുകവലി, ലഹരിവസ്തുക്കളുടെ ദുരുപയോഗം എന്നിവയും ഹൃദ്രോഗങ്ങളിലേക്ക് നയിക്കുന്ന കൊളസ്ട്രോൾ, ഹൈപ്പർടെൻഷൻ, പ്രമേഹം, അമിതവണ്ണം, സമ്മർദ്ദം തുടങ്ങിയ രോഗാവസ്ഥകളും സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതാണ് ആശയ വിനിമയ സെഷൻ.പരിപാടിയുടെ ഭാഗമായി കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കും. ഹൃദയാഘാതം സ്ട്രോക്ക് ഉൾപ്പെടെ മരണത്തിനും വൈകല്യത്തിനും കാരണമാകുന്ന വിവിധ ഹൃദ്രോഗങ്ങളുടെ വ്യാപനം സംസ്ഥാനത്ത് കൂടുതലാണ്. കേരളത്തിലെ ജനസംഖ്യയുടെ 40% പേർക്ക് ഉയർന്ന രക്തസമ്മർദ്ദമുണ്ട്. ഏകദേശം 30% നഗരവാസികളും 20% ഗ്രാമവാസികളും ഉയർന്ന കൊളസ്ട്രോൾ ഉള്ളവരാണ്. സംസ്ഥാന ജനസംഖ്യയുടെ ഏകദേശം 20% പേർക്ക് ഹൃദ്രോഗ അപകടസാധ്യതയുമുണ്ടെന്നാണ് പഠനങ്ങൾ.പരിപാടിയുടെ തുടർച്ചയായ പതിപ്പുകൾ വാർഷികമായി സംഘടിപ്പിക്കുമെന്ന് ഡോ.ശശികുമാർ എം പറഞ്ഞു.

# വാട്ട്സ്ആപ്പ്,യുപിഐ വഴിയും പ്രീമിയം അടയ്ക്കാം; സൗകര്യവുമായി ടാറ്റ എഐഎ

**കൊച്ചി:** ടാറ്റാ എഐഎ ലൈഫ് ഇൻഷുറൻസ് (ടാറ്റ എഐഎ) വാട്ട്സ്ആപ്പിലൂടെയും ഏകീകൃത പണമടവ് സംവിധാനത്തി (യൂണിഫൈഡ് പെയ്മെൻറ് ഇൻറർഫെസസ്യുപിഐ) ലൂടെയും ഡിജിറ്റൽ പണമടവ് സംവിധാനം ഏർപ്പെടുത്തി. ഇൻഷുറൻസ് മേഖലയിൽ ആദ്യമായുള്ള ഈ സൗകര്യത്തിലൂടെ പോളിസി ഉടമകൾക്ക് വാട്ട്സ്ആപ്പ്, യുപിഐ അധിഷ്ഠിത പെയ്മെൻറ് സംവിധാനങ്ങളിലൂടെ ലളിതമായി ഉടനടി പ്രീമിയം അടയ്ക്കാനാകും.പുതിയതായി കൊവന്ന ഈ പെയ്മെൻറ് സൗകര്യം വേഗത്തിലും അനായാസമായും തടസമില്ലാതെയും ഡിജിറ്റലായി പ്രീമിയം അടയ്ക്കാനും വിജയകരമായി പ്രീമിയം അടച്ചെന്ന സ്ഥിരീകരണവും രസീതും ഉടനടി സ്വീകരിക്കാനും അവസരമൊരുക്കുന്നതാണ്. സാങ്കേതിക ജ്ഞാനം ഉള്ളവർക്കും ഇല്ലാത്തവർക്കും ഉപയോഗിക്കാൻ എളുപ്പുള്ള സംവിധാനമാണിതെന്ന് ടാറ്റ എഐഎ എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റും ഓപ്പറേഷൻസ് വിഭാഗം മേധാവിയുമായ സഞ്ജയ് അറോറ പറഞ്ഞു.വാട്ട്സ്ആപ്പ്, പേയു എന്നിവയുമായി ചേർന്ന് ഇത്തരത്തിൽ നൂതന ഡിജിറ്റൽ പെയ്മെൻറ് സൗകര്യമൊരുക്കാൻ സാധിച്ചതിന് അവരോട് നന്ദി പറയുന്നു. ഇതിലൂടെ ഉപയോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിന് ഞങ്ങൾ ശ്രദ്ധേയമായ മറ്റൊരു ചുവടു കൂടി വെയ്ക്കുകയാണെന്നും സഞ്ജയ് അറോറ പറഞ്ഞു.ടാറ്റ എഐഎ പ്രീമിയം കളക്ഷൻ മെച്ചപ്പെടുത്തുന്നതിന് വിവിധ ഡിജിറ്റൽ മാർഗങ്ങൾ ഏർപ്പെടുത്തുകയും അതിൻറെ ഭാഷാ ശേഷി ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, തമിഴ്, ബംഗാളി എന്ന അഞ്ച് ഭാഷകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു.

കമ്പനി ഇൻഷുറൻസ് രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ര് കാര്യങ്ങളായ ക്ലയിം തീർപ്പാക്കൽ അനുപാതത്തിനും കൃത്യതയ്ക്കുമൊപ്പം വ്യക്തിഗത മരണാനന്തര ക്ലയിം തീർപ്പാക്കൽ അനുപാതവും മെച്ചപ്പെടുത്തി. 2023 സാമ്പത്തിക വർഷത്തിൽ ഇത് മുൻ വർഷത്തെ 98.53 ശതമാനത്തിൽ നിന്നും 99.01 ശതമാനമായി വർധിപ്പിച്ചു.

# ടാറ്റ സോൾഫുൾ ഓട്സ് വിത് മില്ലറ്റ്സ് കേരള വിപണിയിൽ

**കൊച്ചി:** രാജ്യത്തെ മുൻനിര മില്ലറ്റ് അധിഷ്ഠിത പാക്കേജ്ഡ് ഫുഡ് ബ്രാൻഡുകളിലൊന്നായ ടാറ്റ സോൾഫുൾ, 20 ശതമാനം മില്ലറ്റ് കൂടി അടങ്ങിയ ടാറ്റ സോൾഫുൾ ഓട്സ് വിത് മില്ലറ്റ്സ് വിപണിയിലവതരിപ്പിച്ചു. കേരളത്തിലെ ഉപഭോക്താക്കൾ എല്ലായ്പ്പോഴും പോഷകാഹാരം തിരഞ്ഞെടുക്കുന്നവരായതിനാൽ മില്ലറ്റുകളെക്കുറിച്ചും അതിൻറെ ആരോഗ്യപരമായ ഗുണങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുള്ളവരാണ്. ടാറ്റ കൺസ്യൂമർ സോൾഫുൾ പ്രൈവറ്റ് ലിമിറ്റഡ് മില്ലറ്റ് ചേർത്ത് മൂല്യവർദ്ധിതമാക്കിയ ഓട്സാണ് കേരളത്തിലെ ഉപഭോക്താക്കൾക്കായി അവതരിപ്പിച്ചിരിക്കുന്നതെന്ന് ടാറ്റ സോൾഫുൾ എംഡിയും സിഇഒയും ആയ പ്രശാന്ത് പരമേശ്വരൻ പറഞ്ഞു.ഓട്സിലെ മില്ലറ്റുകൾ ഉത്പന്നത്തെ ക്രഞ്ചി ആക്കുകയും കഴിക്കുന്നവർക്ക് മെച്ചപ്പെട്ട ഉപഭോഗ അനുഭവം നൽകുകയും ചെയ്യുന്നു.മില്ലറ്റ് പരമ്പരാഗത ഇന്ത്യൻ ധാന്യങ്ങളാണ്. 20 ശതമാനം മില്ലറ്റുകളാൽ സമ്പുഷ്ടമായ ടാറ്റ സോൾഫുൾ ഓട്സ് വിത് മില്ലറ്റ്സ് ആരോഗ്യ ബോധമുള്ള സംസ്കാരത്തിൻറെ സത്തയെ പ്രതിഫലിപ്പിക്കുന്നു. മില്ലറ്റിൻറെ ഗുണങ്ങൾ സംയോജിപ്പിച്ച്, ടാറ്റ സോൾഫുൾ ബ്രാൻഡ് ഓട്സ് വിഭാഗത്തിൽ വിപ്ലവം തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. ദിവസത്തിന് ആരോഗ്യകരവും രുചികരവുമായ തുടക്കം ടാറ്റ സോൾഫുൾ ഓട്സ് വിത് മില്ലറ്റ്സ് വാഗ്ദാനം ചെയ്യുന്നു.രാജ്യത്തിൻറെ മില്ലറ്റ് എന്ന പുതിയ കാമ്പെയിനിലൂടെ, കേരളത്തിലെ എല്ലാ വീട്ടിലും മില്ലറ്റിൻറെ നന്മ എത്തിച്ചുകൊ്, മില്ലറ്റിൻറെ സ്വീകാര്യതയെ ബ്രാൻഡ് പ്രോത്സാഹിപ്പിക്കുന്നു.ഹാർട്ടി ഓട്സ് വിത്ത് ദി പവർ ഓഫ് മില്ലറ്റ്സ് എന്ന ഞങ്ങളുടെ ടാഗ്ലൈൻ, ഞങ്ങളുടെ ഉത്പന്നത്തിൻറെ സത്തയെ ശരിക്കും ഉൾക്കൊള്ളുന്നുവെന്നും പ്രശാന്ത് പരമേശ്വരൻ പറഞ്ഞു. ടാറ്റ സോൾഫുളിൽ, മില്ലറ്റിൻറെ ഗുണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത അചഞ്ചലമാണ്. ഓട്സ് വിത് മില്ലറ്റ്സ് അതിന്റെ ഘടനയും ഓട്സിന്റെയും മില്ലറ്റിന്റെയും മിശ്രിതവും ആളുകൾ ഓട്സിനെ കാണുന്ന രീതിയിലും ഉപഭോഗത്തിലും വിപ്ലവം സൃഷ്ടിക്കാൻ സജ്ജമാണ്. ഓട്സ് അതിൻറെ പേരുകേട്ട തയ്യാറാക്കാനുള്ള സൗകര്യവും എളുപ്പവും നിലനിർത്തിക്കൊ് തന്നെ പോഷകസമൃദ്ധമായ പ്രഭാതഭക്ഷണമാണ് വാഗ്ദാനം ചെയ്യുന്നതെന്നും പ്രശാന്ത് പരമേശ്വരൻ പറഞ്ഞു.ടാറ്റ സോൾഫുൾ ഓട്സ് വിത് മില്ലറ്റ്സ് 900 ഗ്രാമിന് 199 രൂപയാണ് വില. കേരളത്തിലെ എല്ലാ പൊതു, ആധുനിക വ്യാപാര സ്ഥാപനങ്ങളിലും ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

# സൺഫീസ്റ്റ് ബ്രാൻഡ് അംബാസഡറായി ഷാറൂഖ് ഖാൻ




**കൊച്ചി:** ഐടിസിയുടെ സൺഫീസ്റ്റ് ഡാർക്ക് ഫാന്റസി ബ്രാൻഡ് അംബസാഡറായി ഷാ റൂഖ് ഖാൻ. സൺഫീസ്റ്റ് ഡാർക്ക് ഫാന്റസി ഓരോ ഹൃദയത്തിന്റേയും ഫാന്റസി എന്ന പുതിയ ക്യാമ്പെയ്നുമായി എട്ടു ഭാഷയിലെത്തുന്ന പരസ്യചിത്രത്തിലാണ് ബ്രാൻഡ് അംബാസഡറായിട്ടാണ് ഷാറൂഖ് ഖാന്റെ അരങ്ങേറ്റം. ഡാർക്ക് ഫാന്റസിയുടെ മുഖമായി ഷാ റൂഖ് ഖാനെ ലഭിച്ചതിൽ തങ്ങൾ ആവേശഭരിതരാണെന്ന് ഐടിസി ഫുഡ്സ് ഡിവിഷൻ ബിസ്ക്കറ്റ്സ് ആൻഡ് കേക്ക്സ് ക്ലസ്റ്റർ സിഒഒ അലി ഹാരിസ് ഷേരെ പറഞ്ഞു. സൺഫീസ്റ്റ് ഡാർക്ക് ഫാന്റസി പോലൊരു ജനപ്രിയ ബ്രാൻഡുമായി സഹകരിക്കുന്നതിൽ ഏറെ ആഹ്ലാദമുണ്ടെന്ന് ഷാ റൂഖ് ഖാൻ പറഞ്ഞു. ബ്രാൻഡിന്റെ പുതിയ മുദ്രാവാക്യമായ ഓരോ ഹൃദയത്തിന്റേയും ഫാന്റസി തന്നോട് വളരെയധികം ചേർന്നു നിൽക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.ഫാന്റസിയുടെ ലോകത്തേയ്ക്ക് യാത്രകൾ നടത്തി ഷാ റൂഖ് ഖാനെപ്പോലെ തിരിച്ചെത്തുന്നത് എല്ലാവരും സ്വപ്നം കാണുന്നതാണെന്നും ഇതു കണക്കിലെടുത്താണ് ഓരോ ഹൃദയത്തിന്റേയും ഫാന്റസി എന്ന ക്യാമ്പെയ്ൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും എഫ്സിബി ഉൽക്ക നാഷനൽ ക്രിയേറ്റീവ് ഡയറക്ടർ റോമി നായർ പറഞ്ഞു.എട്ട് ഭാഷയിലാണ് ക്യാമ്പെയ്ൻ എത്തുന്നത്. ഡിജിറ്റൽ, സോഷ്യൽ മീഡിയാ ചാനലുകളിലും ടീവി ചാനലുകളിലും ക്യാമ്പെയ്ൻ എത്തും.

# എക്സോൾട്ട് 2023: ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് ആദരം




**കൊച്ചി:** എസിസിഎ, സിഎംഎയുഎസ്എ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ആദരവുമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ലക്ഷ്യ. 'എക്സോൾട്ട് 2023'എന്ന് പേരിട്ടിരുന്ന അനുമോദന ചടങ്ങിൽ സ്ഥാപനത്തിന്റെ ഭാഗമായിരുന്ന 800ലധികം വിദ്യാർത്ഥികളെ അനുമോദിച്ചു. ഹൈബി ഈഡൻ എംപി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ എസിസിഎ അഫീലിയേറ്റ്സുകളായ 150ലധികം വിദ്യാർത്ഥികളും, എസിസിഎ പാർട്ട് ക്വാളിഫൈഴ്സായ 500ലധികം വിദ്യാർത്ഥികളും, സിഎംഎയുഎസ്എ യോഗ്യത നേടി 100ലധികം വിദ്യാർത്ഥികളെയുമാണ് ആദരിച്ചത്. എസിസിഎ, സിഎംഎയുഎസ്എയ്ക്കായി ഇന്ത്യയിൽ സംഘടിപ്പിക്കുന്ന ഏറ്റവും വലിയ അനുമോദന ചടങ്ങുകൂടിയായിരുന്നു 'എക്സോൾട്ട് 2023'.2011ൽ പ്രവർത്തനം ആരംഭിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമെഴ്സ് ലക്ഷ്യ, എസിസിഎ, സിഎ, സിഎംഎയുഎസ്എ, സിഎംഎ ഇന്ത്യ, സിഎസ് തുടങ്ങിയ കോഴ്സുകളിലൂടെ മികച്ച ഫിനാൻഷ്യൽ പ്രെഫഷണലുകളെ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. പ്രതിവർഷം 13500ലധികം വിദ്യാർത്ഥികളാണ് ലക്ഷ്യയിൽ പരിശീലനം നേടുന്നത്. ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കിയ 75000ലധികം വിദ്യാർത്ഥികൾ ആഗോള തലത്തിൽ പ്രമുഖ സാമ്പത്തിക സ്ഥാപനങ്ങളിൽ ജോലിയും നേടികഴിഞ്ഞു.ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ലക്ഷ്യ മാനേജിങ് ഡയറക്ടർ ഓർവെൽ ലയണൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സീനിയർ അക്കാഡമിക് മാനേജർ അവിനാഷ് കൂളൂർ, സെൻട്രൽ റീജിയണൽ മാനേജർ നയന മാത്യു, നോർത്ത് റീജിയണൽ മാനേജർ ഹനീസ ഹബീബ്, ഓൺലൈൻ ഓപ്പറേഷൻസ് അസിസ്റ്റന്റ് മാനേജർ ഗൗതം രാജ്, അസിസ്റ്റന്റ് റീജിയണൽ മാനേജർ ഇയാസ് മുഹമ്മദ് എന്നിവരും ചടങ്ങിന്റെ ഭാഗമായി. വിദ്യാർത്ഥികളും അധ്യാപകരും മാതാപിതാക്കളുമടക്കം ആയിരത്തിലധികം പേരാണ് അനുമോദന ചടങ്ങിലൊത്തുകൂടിയത്.

# വാലറ്റിൽ നൂതന സൗകര്യങ്ങളുമായി സാംസങ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ ഇലക്ട്രോണിക് ബ്രാൻഡായ സാംസങ്, ്ജീംല്യശിഴഉശഴശമേഹകിറശമ എന്ന വിഭാവനത്തോടെ ഗാലക്സി സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് അവരുടെ ആധാർ കാർഡ്, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വെഹിക്കിൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സാംസങ് വാലറ്റിന്റെ ഭാഗമായി ആക്സസ് ചെയ്യാൻ കഴിയുമെന്ന് പ്രഖ്യാപിച്ചു. ഗാലക്സി സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് അവരുടെ കോവിൻ വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ സൗകര്യപ്രദമായും സുരക്ഷിതമായും അവരുടെ ഫോണിൽ സൂക്ഷിക്കാനും കഴിയുമെന്ന് സാംസങ് ഇന്ത്യ സർവ്വീസസ് & എൻഗേജ്മെൻറ് ഡയറക്ടർ രേഷ്മ വീരമണി പറഞ്ഞു. പുതിയ സാംസങ് വാലറ്റിൽ നിരവധി പുതിയ ട്രാവൽ, മൊബിലിറ്റി ഫീച്ചറുകൾ ഉൾപ്പെടുത്തിയിട്ടു. ഇത് സാംസങ് പേ, ഗ്യാലക്സി സ്മാർട്ട്ഫോണുകളിൽ നിലവിലുള്ള സാംസങ് പേ, സാംസങ് പാസ്സ് ഫീച്ചറുകൾ ലയിപ്പിച്ച്, മെച്ചപ്പെടുത്തി സുഗമമായ ടാപ്പ് ആൻറ് പേ, ഡജക പേമെൻറ്, ബിൽ പേമെൻറ് അനുഭവങ്ങൾക്ക് ഉപഭോക്താക്കളെ അനുവദിക്കുന്നുവെന്നും രേഷ്മ വീരമണി പറഞ്ഞു. പുതിയ ഫീച്ചറുകൾ കൊ്,ഫാസ്റ്റാഗ് അക്കൗ റീച്ചാർജ്ജ് ചെയ്യാനും പരിശോധിക്കാനും, വേഗത്തിൽ സൗകര്യപ്രദമായി എടുക്കുന്നതിനായി ഫ് ളൈറ്റ് ബോർഡിംഗ് പാസ്സുകൾ സേവ് ചെയ്യാനും, ടിക്കറ്റ് ബുക്ക് ചെയ്ത് സേവ് ചെയ്യുക, ട്രെയിൻ സ്റ്റാറ്റസ് നോക്കുക എന്നിങ്ങനെ ട്രെയിൻ ടിക്കറ്റുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സാംസങ് വാലറ്റിൽ സൂക്ഷിക്കാനും ഉപയോക്താക്കൾക്ക് കഴിയും. ഝഞ കോഡ് അഥവാ ബാർ കോഡ് സ്കാൻ ചെയ്ത് ഇമേജ് അഥവാ ജഉഎ ഇംപോർട്ട് ചെയ്ത് ട്രെയിൻ ടിക്കറ്റുകൾ അഥവാ ബോർഡിംഗ് പാസ്സുകൾ സാംസങ് വാലറ്റിൽ ആഡ് ചെയ്യാനും കഴിയും.എയർപോർട്ടിലേക്ക് നേരിട്ട് കടക്കാൻ ആവശ്യമായ ഐഡൻറിറ്റി പ്രൂഫും ട്രാവൽ ഡോക്യുമെൻറുകളും സാംസങ് വാലറ്റിൽ നിന്ന് കാണിക്കാൻ ഉപയോഗാക്തക്കൾക്ക് കഴിയും, അവർക്ക് അത് തികച്ചും സൗകര്യപ്രദം ആകുകയും ചെയ്യും.ആധാർ കാർഡ്, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നീ നാല് ഡിജിറ്റൽ കള കൾക്ക് പുറമെ ഉപയോക്താക്കൾക്ക് സാംസങ് വാലറ്റിൽ നിന്ന് നേരിട്ട് 2,000 ൽ പരം കള കൾ/ഡോക്യുമെൻറുകൾ ആക്സസ് ചെയ്യാൻ കഴിയും. എന്നാൽ, സാംസങ് ഈ വിവരങ്ങളൊന്നും സ്റ്റോർ ചെയ്യില്ല, വിശദാംശങ്ങൾ സാംസങ് വാലറ്റ് ആപ്പിലെ ഡിവൈസിലാണ് കാണാനാകുകയെന്നും രേഷ്മ വീരമണി പറഞ്ഞു.ഗാലക്സി സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് ഗാലക്സി സ്റ്റോറിലൂടെ അവരുടെ നിലവിലെ സാംസങ് പേ സർവ്വീസ് സാംസങ് വാലറ്റിലേക്ക് അപ്ഗ്രേഡ് ചെയ്യാമെന്നും രേഷ്മ വീരമണി പറഞ്ഞു.

# നിർധനരായ യുവതി യുവാക്കൾക്ക് സൗജന്യ ജി.ഡി.എ പരിശീലനവുമായ ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** നിർധനരായ യുവതി യുവാക്കൾക്ക് സൗജന്യ തൊഴിൽ പരിശീലനവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. തിരഞ്ഞെടുത്ത 50 പേർക്കാണ് നാഷണൽ സ്കിൽ ഡെവലപ്മെന്റ് അതോറിറ്റിയുടെ അംഗീകാരമുള്ള ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (ജി.ഡി.എ) കോഴ്സിന്റെ പരിശീലനം നൽകുന്നത്. പരിശീലനത്തിന് ശേഷം ആസ്റ്റർ മെഡ്സിറ്റിയിൽ ജോലി നൽകാനാണ് ലക്ഷ്യമിടുന്നത്. പരിപാടിയുടെ ഉദ്ഘാടനം ആസ്റ്റർ മെഡ്സിറ്റി നോളജ് ഹബ്ബിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി നിർവഹിച്ചു.സൗജന്യ തൊഴിൽ പരിശീലനത്തിലൂടെ നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ പ്രതിബദ്ധത ഒരിക്കൽ കൂടി വ്യക്തമാവുകയാണെന്ന് അദ്ദേഹം പറഞ്ഞു. മികച്ച പരിശീലനം നേടി പുറത്തു വരുന്ന ഒരു കൂട്ടം ജനറൽ ഡ്യൂട്ടി അസിസ്റ്റന്റുമാർ മെഡ്സിറ്റിക്ക് മുതൽകൂട്ടായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആറ് മാസം ദൈർഘ്യമുള്ള പരിശീലന പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ മൂന്ന് മാസം സ്റ്റൈപ്പന്റോടെയായിരിക്കും പരിശീലിപ്പിക്കുക. 25 പേർ വീതമുള്ള രണ്ട് ബാച്ചുകൾ ആയിട്ടാണ് പരിശീലന ക്ലാസുകൾ നടത്തുന്നത്. വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർക്കാർ നിശ്ചയിച്ച ശമ്പള വ്യവസ്ഥയിൽ ആസ്റ്റർ മെഡ്സിറ്റിയിൽ സ്ഥിര നിയമനം നൽകുമെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ വ്യക്തമാക്കി.ആശുപത്രികളിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് ഗുണനിലവാരമുള്ള പരിചരണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജി.ഡി.എ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. നഴ്സിങ്ങിന്റെ പ്രാഥമിക പാഠങ്ങൾ ഉൾപ്പെടുത്തിയാണ് പരിശീലനം നൽകുന്നത്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ലഭിച്ച ഉദ്യോഗാർഥികളുടെ അപേക്ഷകളിൽ നിന്ന് ഏറ്റവും അർഹരായവരെയാണ് പരിശീലനത്തിനായി തിരഞ്ഞെടുത്തത്.

# നെടുമ്പാശേരിയിൽ നിന്നും വിയറ്റ്നാമിലേക്ക് നേരിട്ട് പറക്കാം; വിയറ്റ്ജെറ്റ് സർവീസ് തുടങ്ങി



**കൊച്ചി:** നെടുമ്പാശ്ശേരി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും  വിയറ്റ്നാമിലെ ഹോ ചി മിൻ സിറ്റിയിലേക്ക് വിയറ്റ്ജെറ്റിന്റെ നേരിട്ടുള്ള വിമാന സർവീസ് ആരംഭിച്ചു. കേരളത്തിൽ നിന്ന് വിയറ്റ്നാമിലേക്കുള്ള ആദ്യ വിമാനസർവീസ് കൂടിയാണിത്. വിയറ്റ്ജെറ്റ് കൊമേഴ്സ്യൽ വിഭാഗം വൈസ് പ്രസിഡന്റ് . ജയ് എൽ. ലിംഗേശ്വരയാണ് ഉദ്ഘാടനം ചെയ്തത്. കൊച്ചിയെ തെക്കുകിഴക്കേഷ്യൻ ലക്ഷ്യസ്ഥാനങ്ങളിലേക്ക് ബന്ധിപ്പിക്കുന്ന 45 വിമാന സർവീസുകളിലൊന്നായി വിയറ്റ്ജെറ്റിന്റെ പുതിയ സർവീസ് മാറും. ഉദ്ഘാടന ചടങ്ങിൽ സംസാരിക്കവേ ഇരു രാജ്യങ്ങളിലെയും യാത്രക്കാരിൽ നിന്നുള്ള സഹകരണത്തിന് ലിംഗേശ്വര നന്ദി രേഖപ്പെടുത്തി. കൊച്ചിയും വിയറ്റ്നാമും തമ്മിലുള്ള നേരിട്ടുള്ള ഈ കണക്റ്റിവിറ്റി ഇരു രാജ്യങ്ങളിലെയും വിവിധ മേഖലകളിലെ വർദ്ധിച്ചുവരുന്ന ആവശ്യകതയെ സൂചിപ്പിക്കുന്നു. ആദ്യ ദിനത്തിലെ ആഗമന, പുറപ്പെടൽ സർവീസുകൾ എല്ലാ സീറ്റുകളും നിറഞ്ഞു . തുടർന്നും കൂടുതൽ വിയറ്റ്നാം നഗരങ്ങളിലേയ്ക്ക് സർവീസുകൾ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.വിയറ്റ്ജെറ്റ് കൊച്ചി  ഹോ ച്ചി മിൻ സിറ്റി പുതിയ സർവീസിന്റെ ആദ്യ ബോർഡിംഗ് പാസ് നൽകൽ, സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി. നിർവഹിച്ചു .  സിയാൽ കൊമേഴ്സ്യൽ വിഭാഗം ജനറൽ മാനേജർ ജോസഫ് പീറ്റർ, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ പി. എസ് . ജയൻ,  എ.ഒ.സി.സി ചെയർമാൻ ഗിരീഷ് കുമാർ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.തിങ്കൾ, ബുധൻ, വെള്ളി, ശനി ദിവസങ്ങളിലാണ് ഇപ്പോൾ വിയറ്റ്ജറ്റ് സർവീസുകൾ നടത്തുന്നത്. ഢഖ1811 വിമാനം ഹോചിമിൻ സിറ്റിയിൽ നിന്ന് 19:20 ന് പുറപ്പെട്ട് 22:50 ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരും. ഢഖ1812 മടക്ക വിമാനം 23:50 ന് കൊച്ചിയിൽ നിന്ന് പുറപ്പെട്ട് 06:40 ന് ഹോ ചി മിൻ സിറ്റിയിൽ എത്തും.സിയാലിന്റെയും, രാജ്യത്തെ ടൂറിസം വ്യവസായത്തിന്റെയും വികസനത്തിന് ഈ പുതിയ സേവനം ഒരു സുപ്രധാന നാഴികക്കല്ലാകും. സാമ്പത്തിക വളർച്ചയ്ക്കും സാംസ്കാരിക വിനിമയത്തിനും പുതിയ അവസരങ്ങൾ  സൃഷ്ടിക്കാൻ ഈ സേവനങ്ങൾ സിയാലിന് സഹായകമാവും.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2022-23) 89.82 ലക്ഷം യാത്രക്കാരെ സിയാൽ കൈകാര്യം ചെയ്തിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു കോടിയിലേറെ യാത്രക്കാരെയാണ് സിയാൽ പ്രതീക്ഷിക്കുന്നത്. നിലവിൽ രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിൽ രാജ്യത്ത് തന്നെ മൂന്നാം സ്ഥാനത്താണ് കൊച്ചി വിമാനത്താവളം.

# വി എക്സ്ക്ലൂസീവ് സ്വാതന്ത്ര്യദിന ഓഫറുകൾ പ്രഖ്യാപിച്ചു

**കൊച്ചി:**  മുൻനിര ടെലികോം സേവനദാതാവായ വി സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് പ്രീ പെയ്ഡ് ഉപഭോക്താക്കൾക്കായി ആഗസ്റ്റ് 18 വരെ ആകർഷകമായ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു.  വി ആപ്പിലൂടെ ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യങ്ങൾ നേടാം. ആകർഷകമായ സമ്മാനങ്ങൾ നേടാനുള്ള അവസരവും ഇതോടൊപ്പം ലഭിക്കും.199 രൂപയ്ക്ക് മുകളിലുള്ള എല്ലാ അൺലിമിറ്റഡ് ഡാറ്റാ റീചാർജുകളിലും 50ജിബി വരെ അധിക ഡാറ്റ ആനുകൂല്യം ഉറപ്പുനൽകുന്നു. 1449 രൂപ, 3099 രൂപ റീചാർജ് പായ്ക്കുകളിൽ 50 രൂപയും 75 രൂപയും വീതം തൽക്ഷണ ഇളവ് ലഭിക്കും.വി ആപ്പിൽ മാത്രമായി സ്പിൻ ദി വീൽ മൽസരവും ഉപഭോക്താക്കൾക്കായി അവതരിപ്പിച്ചിട്ടു്. ഓരോ മണിക്കൂറിലേയും വിജയിക്ക് 3099 രൂപയുടെ കോംപ്ലിമെൻററി റീചാർജ് പായ്ക്ക് ഒരു വർഷ കാലാവധിയോടെ ലഭിക്കും. മറ്റ് ആനുകൂല്യങ്ങളും ഇതോടൊപ്പമുാകും. ഈ ഓഫറുകൾ വി ആപ്പിൽ മാത്രമേ ലഭ്യമാകൂ.

# ബിസിനസ് ഓപ്പർച്ച്യൂണിറ്റി ക്ലബ്ബ് : ചാപ്റ്റർ ഉദ്ഘാടനം



**കൊച്ചി:**ബിസിനസ് ഓപ്പർച്യൂണിറ്റി ക്ലബ്ബിന്റെ പതിനാലാമത് ചാപ്റ്റർ ഉദ്ഘാടനം എറണാകുളത്ത്  ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു ലോകമെമ്പാടുമുള്ള മലയാളി ബിസിനസ് സംരംഭകരുടെ കൂട്ടായ്മയാണ്  ബി.ഒ.സി  ഗ്ലോബൽ അസോസിയേഷന്റെ  വാർഷിക സമ്മേളനവും  നടത്തി  കിഷോർ കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഷാജി സ്വാഗതവും പി ആർ ബോബൻ നന്ദിയും പറഞ്ഞു മെമ്പർഷിപ്പ് വിതരണം ഡെപ്യൂട്ടി മേയർ അൻസിയ നിർവഹിച്ചു വ്യവസായ  വാണിജ്യരംഗത്തെ പ്രമുഖർ സംസാരിച്ചു

# സംരംഭകർക്ക് ഇന്റർനെറ്റ് കണക്റ്റിവിറ്റി: അത്യാധുനിക എംഎംവേവ് സാങ്കേതികവിദ്യയുമായി റിലയൻസ് ജിയോ

**കൊച്ചി:** എംഎം വേവ് ( mmWave )സാങ്കേതികവിദ്യയിലൂടെയുള്ള 5 ജി ഇന്റർനെറ്റ് കണക്റ്റിവിറ്റി കേരളത്തിൽ എത്തിച്ച് റിലയൻസ് ജിയോ. സംരംഭങ്ങൾക്ക് അനുയോജ്യമായ 26 ജിഗാഹെർട്സ് എംഎം വേവ് ഫ്രീക്വൻസി സേവനങ്ങൾ ആരംഭിക്കുന്നതോടെ, തടസ്സമില്ലാത്ത അതിവേഗ കണക്റ്റിവിറ്റിയുടെ ഒരു പുതിയ യുഗത്തിന് സാക്ഷ്യം വഹിക്കാൻ സംസ്ഥാനം ഒരുങ്ങുകയാണ്.കേബിൾ, ഫൈബർ കണക്ഷനുകൾ പോലുള്ള പരമ്പരാഗത ഫിക്സഡ് വയേർഡ് രീതികൾക്ക് ബദലാണ്  ചെലവ് കുറഞ്ഞ ഫിക്സഡ് വയർലെസ് ആക്സസ് (FWA). ഇതിന് തുടർച്ചയായാണ് ജിയോയുടെ 4ജി, 5ജി നെറ്റ്വർക്കുകളുടെ മികവ് പ്രയോജനപ്പെടുത്തി, കണക്റ്റിവിറ്റി മാനദണ്ഡങ്ങൾക്ക് മുമ്പ് സങ്കൽപ്പിക്കാനാവാത്ത കാര്യക്ഷമതയും പ്രായോഗികതയും ഉറപ്പാക്കാൻ എഫ്ഡബ്ള്യുഎ പുനർനവീകരിച്ചിരിക്കുന്നതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.  എഫ്ഡബ്ല്യുഎയിലെ 5ജി എംഎം വേവ്, ജിഗാബൈറ്റ് വേഗത വയർലെസ് ആയി നൽകും. ഇത് കമ്മ്യൂണിക്കേഷൻ നെറ്റ്വർക്കുകളുടെ നെടുംതൂണായ ഫൈബർ കണക്ഷനുകളുടെ ആവശ്യകതയെ ഫലപ്രദമായി ഇല്ലാതാക്കുന്നു.ജിയോയുടെ എംഎംവേവ് സാങ്കേതികവിദ്യ, സ്വതന്ത്രമായി  പ്രവർത്തിക്കാൻ വിദഗ്ധമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.എംഎംവേവ്  സാങ്കേതികവിദ്യയുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ ഫിക്സഡ് വയർലെസ് ആക്സസ് (FWA) മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നത്തിലൂടെ ഫൈബർ ടു ഹോം (FTTH) ന് പകരമായി ഉപയോഗപ്പെടുത്താം.കൂടുതൽ ഡേറ്റ ആവശ്യങ്ങളും പരിമിതമായ ഫൈബർ കണക്റ്റിവിറ്റിയും ഉള്ള ഉയർന്ന കെട്ടിടങ്ങൾക്കും  ഫൈബർ കണക്ഷൻ ബുദ്ധിമുട്ടായ തിരക്കേറിയ പ്രദേശങ്ങൾക്കും പുതിയ സാങ്കേതികവിദ്യ സഹായകരമാകും. സ്പോർട്സ് സ്റ്റേഡിയങ്ങൾ, എയർപോർട്ടുകൾ, ഷോപ്പിംഗ് സ്ട്രീറ്റുകൾ തുടങ്ങിയ ജനങ്ങൾ കൂട്ടം കൂടുന്ന തിരക്കുള്ള സ്ഥലങ്ങൾക്കും ഇത് അനുയോജ്യമാണ്. ഈ 5G നെറ്റ്വർക്കുകൾ 26 GHz ഫ്രീക്വൻസികളിൽ പ്രവർത്തിക്കുന്നു, വേഗത്തിലുള്ള ഡാറ്റയും കുറഞ്ഞ ലേറ്റൻസിയും നൽകുന്നു. mmWave ബാൻഡുകൾ 6 ഏഒ 5ഏയേക്കാൾ പത്തിരട്ടി ബാൻഡ്വിഡ്ത്ത് നൽകുന്നു, ഇത് കൂടുതൽ കണക്ഷനുകളും ഉപകരണങ്ങൾക്ക് ഉയർന്ന ഡാറ്റ നിരക്കും അനുവദിക്കുന്നുവെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# ഐകൂ ദ7 പ്രോ ഓഗസ്റ്റ് 31ന് ഇന്ത്യയിൽ അവതരിപ്പിക്കും




**കൊച്ചി:** ഐകൂ  മിഡ് റേഞ്ച് സ്മാർട്ട്ഫോൺ ഐകൂ ദ7 ജ്യൂ ഈ മാസം ഇന്ത്യയിൽ അവതരിപ്പിക്കും. ഐകൂ ദ7 ജ്യൂ സ്മാർട്ട്ഫോൺ ഓഗസ്റ്റ് 31 ന് രാജ്യത്ത് അവതരിപ്പിക്കുമെന്ന് കമ്പനി വെളിപ്പെടുത്തി. ഐകൂ ദ7 പ്രോ സ്മാർട്ട്ഫോണിന് ഒക്ടാ കോർ മീഡിയടെക് ഡൈമെൻസിറ്റി 7200 5ഏ ചിപ്സെറ്റ് നൽകുമെന്ന് ഐകൂ  അധികൃതർ വ്യക്തമാക്കി.ചിപ്സെറ്റിന് 700ഗ ൽ കൂടുതൽ അിഠൗഠൗ സ്കോർ ഉന്നൊണ് കമ്പനി അവകാശപ്പെടുന്നത്.

# പിജിഐ അഞ്ച് പുതിയശേഖരം അവതരിപ്പിച്ചു

**തിരുവനന്തപുരം:** പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പിജിഐ), ചെയിനുകൾ, പെന്റന്റുകൾ, റിസ്റ്റ് വെയറുകൾ എന്നിവ ഉൾപ്പെടുന്ന അഞ്ച് പുതിയ ശേഖരം കൂടി വിപണിയിൽ അവതരിപ്പിച്ചു. 95 ശതമാനം ശുദ്ധമായ പ്ലാറ്റിനത്താൽ നിർമിച്ചിരിക്കുന്ന പുതിയ ശേഖരം, തീർത്തും അനുപമവും അർഥപൂർണവുമായ ഒരു രൂപകൽപ്പന ഭാഷയാണ് വിളിച്ചോതുന്നത്. ഒറ്റപ്പെട്ട റോസ് ഗോൾഡ് ഫേസറ്റുകളുടെ ഒരു ശ്രേണിയെ അനായാസമായി ബന്ധിപ്പിക്കുന്ന പ്ലാറ്റിനം ആർച്ച്ഡ് ബ്രിഡ്ജ് ബ്രേസ്ലെറ്റാണ് പുതിയ ശേഖരത്തിൽ പ്രധാനപ്പെട്ട ഒന്ന്. പ്ലാറ്റിനം ഗിൽഡഡ് ആക്സന്റ്സ് റിസ്റ്റ് വെയർ, നീല നിറത്തിലുള്ള പ്ലാറ്റിനം സെറീൻ ബ്ലൂ ക്യൂബ് റിങ്, പ്ലാറ്റിനം റോപ്പ് ചെയിൻ, പ്ലാറ്റിനം ഓവർലേ പാറ്റേൺ ചെയിൻ എന്നിവയാണ് പുതിയ ശേഖരത്തിലെ മറ്റു ഉത്പന്നങ്ങൾ. അസാധാരണ പുരുഷന്മാരുടെ മൂല്യങ്ങളും നിലവാരവും പ്രതിഫലിപ്പിക്കുന്നതാണ് ഇതിലെ ഓരോ ഘടകങ്ങളും. പുരുഷന്മാരുടെ അന്തസത്തയും കരുത്തും പ്രതിനിധീകരിക്കുന്നതാണ് മെൻ ഓഫ് പ്ലാറ്റിനം ബ്രാൻഡിൽ അവതരിപ്പിച്ച പുതിയ ശേഖരം

# പുതിയ ആഗോള ബ്രാൻഡ് ഐഡന്റിറ്റി അവതരിപ്പിച്ച് എയർ ഇന്ത്യ

**കൊച്ചി:** ടാറ്റാ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ പുതിയ ശക്തമായ ഇന്ത്യയുടെ സത്തയുമായുള്ള പുതിയ ആധുനീക ബ്രാൻഡ് ഐഡൻറിറ്റിയും എയർക്രാഫ്റ്റ് ലിവറിയും അവതരിപ്പിച്ചു.എയർ ഇന്ത്യ ചരിത്രപരമായി ഉപയോഗിച്ചു വന്നിരുന്ന ഐകോണിക് ഇന്ത്യൻ വിൻഡോ ആകൃതിയെ പുതിയ ബ്രാൻഡ് ഡിസൈൻറെ കേന്ദ്രമാകുന്ന ഗോൾഡ് വിൻഡോയിലേക്ക് പുനർ ആവിഷ്ക്കാരം ചെയ്യുന്നതാണ് പുതിയ രൂപം. സാധ്യതകളുടെ ജാലകത്തെയാണിത് സൂചിപ്പിക്കുന്നത്. എയർ ഇന്ത്യയുടെ പുതിയ ലോഗോ ചിഹ്നം ദി വിസ്ത ഗോൾഡ് വിൻഡോ ഫ്രെയിമിൻറെ ഉയർച്ചയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുകയാണ്. പരിധികളില്ലാത്ത സാധ്യതകൾ, പുരോഗതികൾ, എയർ ലൈനിൻറെ ശക്തിയും ആത്മവിശ്വാസവും ഭാവിയിലേക്കായുള്ള നീക്കം എന്നിവ ഉയർത്തിക്കാട്ടുന്നതാണിത്.ആഴത്തിലുള്ള ചുവപ്പ്, ഓബർജീൻ, ഗോൾഡ് എന്നീ വർണങ്ങൾ ഉയർത്തിയുള്ളതും ചക്രത്തിൽ നിന്നു പ്രചോദനം ഉൾക്കൊള്ളുന്നതുമാണ് എയർ ഇന്ത്യയുടെ പുതിയ എയർ ക്രാഫ്റ്റ് ലിവറി (വേഷവിതാനങ്ങൾ). എയർ ഇന്ത്യയുടെ പ്രീമിയവും താങ്ങാനാവുന്നതുമായ സ്ഥാനത്തോട് ആത്മവിശ്വാസത്തോടെ ഇഴുകി ചേരുന്ന  പ്രത്യേകമായ രൂപകൽപന ചെയ്ത എയർ ഇന്ത്യ സാൻസ് ഫോണ്ടും ഇതോടൊപ്പമുണ്ട്.പുതിയ ഇന്ത്യയെ ആഗോളതലത്തിൽ അഭിമാനത്തോടെ പ്രതിനിധീകരിക്കുന്ന വിധത്തിൽ ലോകത്തിൻറെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള അതിഥികൾക്കു സേവനം നൽകുന്ന ആഗോള നിലവാരമുള്ള എയർലൈനായി എയർ ഇന്ത്യയെ മാറ്റുകയെന്ന ലക്ഷ്യത്തെ പ്രതിഫലിപ്പിക്കുന്നതാണ് മാറ്റങ്ങളോടെയുള്ള പുതിയ ബ്രാൻഡ് എന്ന് എയർ ഇന്ത്യ സിഇഒയും മാനേജിങ് ഡയറക്ടറുമായ കാംപ്ബെൽ വിൽസൺ പറഞ്ഞു.എയർ ഇന്ത്യയുടെ മഹത്തായ ചരിത്രവും നവീനവും ആവേശകരവുമായ ഭാവിക്കായുള്ള നീക്കങ്ങളും കോർത്തിണക്കി ബ്രാൻഡ് ട്രാൻസ്ഫോർമേഷൻ കമ്പനിയായ ഫ്യൂചർബ്രാൻഡുമായി സഹകരിച്ചാണ് പുതിയ ബ്രാൻഡ് ഐഡൻറിറ്റി രൂപ




കൽപന ചെയ്തത്. ഇന്ത്യൻ ഹൃദയമുള്ള ഒരു പ്രീമിയം ഗ്ലോബൽ എയർലൈനിനായുള്ള പ്രത്യേകമായുള്ള രൂപകൽപനയാണ് തയ്യാറാക്കിയത്. പുതിയ വേഷവിതാനങ്ങളുമായി എയർ ഇന്ത്യയുടെ ആദ്യ എയർബസ് എ350 എത്തുന്ന 2023 ഡിസംബർ മുതൽ യാത്രക്കാർക്ക് പുതിയ ലോഗോയും കാണാനാവും.ഇന്ത്യയിലേക്കും ഇന്ത്യയിൽ നിന്നും ഇന്ത്യയ്ക്കകത്തും സഞ്ചരിക്കുന്നവരുടെ താൽപര്യമുള്ള എയർലൈൻ എന്ന സ്ഥാനം ശക്തമാക്കുന്ന വിധത്തിൽ അതിഥികളുടെ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്ന രീതിയിലെ സേവനങ്ങൾക്കായി നിർണായക നിക്ഷേപങ്ങളാണ് എയർ ഇന്ത്യ നടത്തുന്നത്.എയർബസിൽ നിന്നും ബോയിങ്ങിൽ നിന്നും 70 ബില്യൺ ഡോളറിന് 470 വിമാനങ്ങൾ സ്വന്തമാക്കാനുള്ള ചരിത്രപരമായ ധാരണകളാണ് എയർ ഇന്ത്യ ഉറപ്പിച്ചിട്ടുള്ളത്.  ഈ വർഷം നവംബർ മുതൽ പുതിയ വിമാനങ്ങൾ ലഭിച്ചു തുടങ്ങും.ഈ വർഷം 20 വൈഡ് ബോഡി വിമാനങ്ങൾ വാങ്ങുകയും പാട്ടത്തിനെടുക്കുകയും ചെയ്യുന്നതിലൂടെ എയർ ഇന്ത്യയുടെ വിമാന നിരയുടെ മാറ്റം ഇതിനകം തന്നെ ആരംഭിച്ചു

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പ് മുഖേന എടുത്ത മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചു തീർക്കാൻ വ്യവസായ സംരംഭകർക്കായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി സെപ്റ്റംബർ 3 വരെ ദീർഘിപ്പിച്ചു. കാറ്റഗറി ഒന്നു പ്രകാരം സംരംഭകൻ മരണപ്പെടുകയും സംരംഭം പ്രവർത്തനരഹിതമായിരിക്കുന്നതും ആസ്തികൾ ഒന്നും നിലവിലില്ലാത്തതുമായ യൂണിറ്റുകളുടെ മാർജിൻ മണി വായ്പ കുടിശ്ശിക തുക എഴുതിത്തള്ളും. കാറ്റഗറി രണ്ട് പ്രകാരം പിഴപ്പലിശ പൂർണമായും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന തീയതി വരെ ആറ് ശതമാനം നിരക്കിൽ പലിശ കണക്കാക്കുന്നതും പലിശയുടെ 50 ശതമാനം തുക ഇളവ് ചെയ്തും നൽകും. മുതൽ തുകയേക്കാൾ പലിശ തുക അധികരിക്കുന്ന പക്ഷം, മുതൽ തുകയ്ക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തുകയും തിരിച്ചടക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ നിന്ന് നേരത്തെ അടച്ച പലിശയും പിഴപ്പലിശയും കുറവ് ചെയ്തു നൽകും.മുതൽ തുകയ്ക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തുകയും തിരിച്ചടക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ നിന്ന് നേരത്തെ അടച്ച പലിശയും പിഴപ്പലിശയും കുറവ് ചെയ്തു നൽകും.താത്പര്യമുള്ളവർ സെപ്റ്റംബർ 3 ന് വൈകിട്ട് 5 നകം അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം കാക്കനാട് ഓഫീസിൽ സമർപ്പിക്കണമെന്ന് ജനറൽ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രമായോ താലൂക്ക് വ്യവസായ ഓഫീസുമായി ബന്ധപ്പെടുക. ബന്ധപ്പെടേണ്ട ഫോൺ :0484 2421360, 9846977669, 9495042317, 9495977565,

# സ്വാതന്ത്ര്യ ദിനം:യാത്രക്കാർക്ക് പ്രത്യേക ഓഫറുകളുമായി കൊച്ചി മെട്രോ

**ഇന്ന് മെട്രോ യാത്രക്കായുള്ള പരമാവധി ടിക്കറ്റ് നിരക്ക് 20 രൂപ ആയിരിക്കും. 30, 40, 50, 60 രൂപ ടിക്കറ്റുകൾക്ക് യഥാക്രമം 10,20,30,40 രൂപ വീതം ഇളവ് ലഭിക്കും.**



**കൊച്ചി:** ഓഗസ്റ്റ് പതിനഞ്ചിന് രാജ്യം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന വേളയിൽ നിരവധി ഇളവുകളാണ് കൊച്ചി മെട്രോ യാത്രക്കാർക്കായി ഒരുക്കിയിരക്കുന്നത്. അന്നേ ദിവസം മെട്രോ യാത്രക്കായുള്ള പരമാവധി ടിക്കറ്റ് നിരക്ക് 20 രൂപ ആയിരിക്കും. അതായത് ഓഗസ്റ്റ് പതിനഞ്ചിന് 30, 40, 50, 60 രൂപ ടിക്കറ്റുകൾക്ക് യഥാക്രമം 10,20,30,40 രൂപ വീതം ഇളവ് ലഭിക്കും. മിനിമം ടിക്കറ്റ് നിരക്ക് പത്ത് രൂപയായി തുടരും. അന്നേ ദിവസം രാവിലെ 6 മണി മുതൽ രാത്രി 11 മണി വരെ ഈ നിരക്കുകൾ തുടരും. പേപ്പർ ക്യൂ ആർ, ഡിജിറ്റൽ ക്യൂആർ, കൊച്ചി വൺ കാർഡ് എന്നിവയ്ക്ക് ഈ ഇളവുകൾ ലഭിക്കും. കൊച്ചി വൺ കാർഡ് ഉപയോഗിക്കുന്നവർക്ക് ക്യാഷ്ബാക്ക് ആയാണ് ഇളവ് ലഭിക്കുക. ദൈനംദിന യാത്രകൾക്കായി കൊച്ചി മെട്രോയെ പൊതുജനങ്ങൾ കൂടുതലായി ആശ്രയിച്ചു തുടങ്ങുന്നുവെന്നത് സ്വാഗതാർഹമാണ്. ജൂലൈ മാസത്തിൽ ദിവസേന ശരാശരി 85545 ആളുകളാണ് കൊച്ചി മെട്രോയിൽ യാത്ര ചെയ്തത്. ആഗസ്റ്റ് മാസം ഇതുവരെയുള്ള ദിവസേന യാത്രക്കാരുടെ ശരാശരി എണ്ണം 89,401 ആണ്. വിവിധ ഓഫറുകളും യാത്രാ പാസ്സുകളും സ്ഥിരം യാത്രികരെ ആകർഷിക്കുന്നതിൽ പങ്കുവഹിച്ചിട്ട്. ഓണം അവധിക്കാലത്ത് കൂടുതൽ യാത്രക്കാരെ മെട്രോയിലേക്ക് ആകർഷിക്കാനാകുമെന്നാണ് പ്രതീക്ഷ. ഇതിനായി മെട്രോ സ്റ്റേഷനുകളിൽ വിവിധ ഓണാഘോഷ പരിപാടികൾക്കുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുകയാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663